മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 06 | THE ONLINE OFFICIAL NEWS BULLETIN | 2025 February 06

SEASON OF THE EPIPHANY | ദനഹാകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
9	10	11	12	13	14	15
	NINEVEH FAST	(THREE-DAY FAST)	SAWMO DNINWE			
5th Sunday after Epiphany Pethurtho of Nineveh Fast 16th Mem. of Mathews Mar Epiphanios Metropolitan (St. Thomas Cathedral, Kollam)	Nineveh Fast Begins		Comme. of Prophet Jonah	Nineveh Feast Comme. of Patriarch St. Severios of Antioch 93rd Mem. of Patriarch Mar Elias III of Antioch (Manjanikkara Dayara)		
6	2	6	2	6	2	6



മാർത്തോമ്മാ ശ്ലീഹായുടെ പാദസ്പർശത്താൽ അനുഗ്രഹീതമായ കൊടുങ്ങല്ലൂരിൽ മലങ്കര ഓർത്തഡോക്സ് സഭ സ്ഥാപിക്കുന്ന മാർത്തോമ്മൻ സ്മൃതി മന്ദിരത്തിന്റെ ശിലാസ്ഥാപനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിക്കുന്നു.



ഓസ്ട്രേലിയയിലെ നോർത്തേൺ ടെറിട്ടറിലെ മന്ത്രിയും മലയാളിയുമായ ജിൻസൺ ആന്റോ ചാൾസിനെ മലങ്കരസഭയുടെ ആസ്ഥാനമായ കോട്ടയം ദേവലോകം അരമനയിൽ പ. കാതോലിക്കാബാവാ സ്വീകരിച്ചപ്പോൾ.



Confluencla 2025: 22nd Moc Annual Academic Conference at K.G. College, Pampady.



സുവർണജൂബിലി നിറവിൽ ബോംബെ ഭദ്രാസനം

മുംബൈ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ബോംബെ ഭദ്രാസനത്തിന്റെ സുവർണജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും, പതിനൊന്നാമത് കൺവൻഷന്റെ സമാപനവും മഹാരാഷ്ട്ര വനംവകുപ്പ് മന്ത്രി ഗണേശ് നായിക് ഉദ്ഘാടനം ചെയ്തു. ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ കൂറിലോസ് സമ്മേളനത്തിന്റെ അധ്യക്ഷത വഹിച്ചു. നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്താ സഖറിയാ മാർ നിക്കോളവോസ്, ബോംബെ ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ തെയോഫിലോസ്, റഷ്യൻ ഫെഡറേഷന്റെ മുംബൈയിലെ കോൺസൽ ജനറൽ ഇവാൻ വൈ. ഫെറ്റിസോവ്, വൈദിക സംഘം സെക്രട്ടറി ഫാ. ജോഷ്വാ എബ്രഹാം, ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കെ. ചാക്കോ, കൺവൻഷൻ ജനറൽ കൺവീനർ ഫാ. ഏബ്രഹാം ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.

ഫാ. ഡോ. നൈനാൻ വി. ജോർജ് ആത്മീയ സന്ദേശം നൽകി. ഭദ്രാസന ഗായകസംഘം ഗാനങ്ങൾ ആലപിച്ചു. താനെ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളിയിലെ ഒ.സി.വൈ.എം. പ്രവർത്തകർ മാർഗംകളി അവതരിപ്പിച്ചു.




സെന്റ് തോമസ് ഓർത്തഡോക്സ് വൈദീക സംഘം സെൻട്രൽ സോൺ റിഫ്രഷർ കോഴ്സ് പരുമല സെമിനാരിയിൽ ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്തു. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. ഫാ. ഡോ. തിമോത്തി തോമസ്, ഫാ. ഡോ. നൈനാൻ വി. ജോർജ് ഫാ. ലെസ്സലി പി. ചെറിയാൻ എന്നിവർ സമീപം.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ



മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കര
എ. ഡി. 1926-നു കൊല്ലം 1101 മകരം 13-നു മുതലുള്ള ഡയറി.

623. പുത്തൻകാവു പള്ളിക്കാർക്കു. പ്രിയരെ, ഈ മാസം 12-നു ഞായറാഴ്ച ആ പള്ളിയിൽ കൂടിയ ആ പള്ളിയിടവക പൊതുയോഗ നിശ്ചയങ്ങളുടെ ഒരു പകർപ്പു ടി യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ച കിഴക്കേതലയ്ക്കൽ തോമ്മസു കത്തനാർ അയച്ചുതന്നതു നമുക്കു കിട്ടി. ഈയിട നാം അവിടെയെത്തിയിരുന്നപ്പോൾ തന്നെ കല്യാണങ്ങൾക്കു ആ പള്ളിയിൽ വയ്പ്പിച്ചു വരുന്ന പസാര സംഖ്യ കുറക്കണമെന്നുള്ള ഒരഭിപ്രായം നിങ്ങളിൽ ചിലർ ഉന്നയിക്കയുണ്ടായല്ലോ. ഇതിനെ സംബന്ധിച്ചു നിങ്ങളിൽ തന്നെ പല മാന്യന്മാരോടും നാം ചോദിച്ചാറെ അവർ ആ അഭിപ്രായത്തിനു അനുകൂലികളല്ലെന്നു നമ്മോടു പറകയും ഉടനെതന്നെ പിന്നാലെ കൂടിയ പൊതുയോഗത്തിന്റെ ഐകകണ്ഠ്യേനയുള്ള അഭിപ്രായമെന്ന നിലയിൽ ഈ നിശ്ചയങ്ങളെ യോഗം പാസ്സാക്കിയെന്നു കാണുകയും ചെയ്തതിൽ നാം അതിശയിക്കുന്നു. അവിടെ പൊതുയോഗം കൂടുന്ന സന്ദർഭങ്ങളിൽ മിക്കപ്പോഴും ബഹളവും, ആരവവും ഉണ്ടാക്കിയും, അന്യോന്യം അസഭ്യങ്ങൾ സംസാരിച്ചും ക്ഷോഭം വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ തങ്ങളുടെ അഭിപ്രായങ്ങൾക്കു വിലയുണ്ടാവുകയുള്ളുവെന്നു വിചാരിച്ചു ആ വിധം പ്രവൃത്തിക്കുന്ന ഏതാനും ആളുകൾ അവിടെയുണ്ടെന്നുള്ളതിനു നാം അനുഭവസാക്ഷിയാണ്. അതിനാൽ ആ വിധത്തിലുള്ള ക്ഷോഭത്തെ ശങ്കിച്ചോ, ഭയന്നോ ഈ അഭിപ്രായവും തീർച്ചയും സമുദായത്തിനും പള്ളിക്കുമല്ലാതെ തങ്ങൾക്കു നഷ്ടമുണ്ടാക്കുന്നതല്ലല്ലോ. അങ്ങിനെയുള്ളതിനോടെതിർത്തു ... കേൾക്കുന്നതു എന്തിന് എന്നു കരുതിയോ നിങ്ങളിൽ പലരും മൗനമവലംബിച്ചതായിരിക്കുമോ എന്നു നമുക്കു സംശയമില്ലാതെയുമില്ല. അതെങ്ങനെയിരുന്നാലും ആ പള്ളിക്കെന്നു മാത്രമല്ല സമുദായം ഒട്ടുക്കു മാറുന്നതു ... നിശ്ചയങ്ങളെ അംഗീകരിച്ചനുവദിപ്പാൻ നമുക്കു പാടുള്ളതല്ല. നാം അനുവദിക്കുന്നതുമല്ലായെന്നു വ്യസനപൂർവ്വം നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു. ദൈവത്തിന്റെ വിശുദ്ധ സഭയുടെയും പള്ളികളുടെയും ക്ഷേമത്തെയാകട്ടെഅന്യ സഭകളിലെ നടപടികളെയാകട്ടെ ആലോചിക്കാതെ ഈ വിധം ... കരമായ ആലോചനകൾക്കും അഭിപ്രായങ്ങൾക്കും പ്രേരിപ്പിക്കുന്നതു ദൈവതിരുനാമ മഹത്വത്തിനുത്സാഹിപ്പിക്കുന്ന വിശുദ്ധാത്മാവിന്റെ വ്യാപാരമല്ലാത്തതിനാൽ അങ്ങിനെ ... ദൈവത്തിന്റെ അനുഗ്രഹിക്കപ്പെട്ട മക്കളാകുന്ന നിങ്ങളിൽ ആരും മനസ്സുവെച്ചു പോകരുതെന്നു ദൈവനാമത്തിൽ നിങ്ങളോടു ഗുണദോഷിച്ചുകൊണ്ടു വാചകം ചുരുക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ ...

എന്നു 102 മിഥുനം 23-നു പരുമല സിമ്മനാരിയിൽ നിന്നും.

624. കൊച്ചുമെത്രാച്ചനു. സഭയിലെ പൊതുവായ ചില സംഗതികളെക്കുറിച്ചു അദ്ദേഹം ഈയിടെ പ്രചരിപ്പിച്ച ... ചിലരുടെ അഭിപ്രായങ്ങളും മറ്റും. 102 മിഥുനം 24-നു പരുമല സിമ്മനാരി.

625. പാറേട്ടു മാത്യൂസ് കത്തനാർക്കു. കാപ്പിക്കടവിലുള്ള എം.ഡി. വക നിലത്തെപ്പറ്റിയും, കേസുകളെക്കുറിച്ചും മറ്റും. 102 മിഥുനം 24-നു പരുമല സിമ്മനാരി.

626. കാഞ്ഞിരംപറമ്പിൽ ജോണിനു. സഭാസംബന്ധമായ ഇപ്പോഴത്തെ വർത്തമാനങ്ങളും, അവധി എടുത്തുകൊണ്ടു മറ്റു ജോലിക്കായി ശ്രമിക്കുന്നതാണു നല്ലതെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

627. മട്ടയ്ക്കൽ മല്പാനു. കായൽക്കേസിനെക്കുറിച്ചും മറ്റും. 102 മിഥുനം 27-നു പരുമല സിമ്മനാരി.

628. തേനുങ്കൽ ഗീവറുഗീസു കത്തനാർക്കു. ശീമ വർത്തമാനങ്ങൾ തീമോത്തിയോസ് മെത്രാച്ചനോടു ചോദിച്ചറിഞ്ഞു അറിയിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

629. ശങ്കരത്തിൽ മത്തായി കത്തനാർക്ക്. തുമ്പമൺ സ്കൂളിനെ സംബന്ധിച്ചു. ടി തീയതി.

630. കാഞ്ഞേത്തു വറുഗീസ് വക്കീലിനു. ടി കാര്യം.

631. ആറ്റുമാലിൽ ഗീവറുഗീസ് ശെമ്മാശനു. തിരുപ്പത്തൂർ ഡോക്ടർക്കു വടികൾ എത്തിച്ചുകൊടുക്കണമെന്നു. ടി തീയതി. ടി സ്ഥലം.

632. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. പുനരുകേസിനെക്കുറിച്ച് ഉടൻ ആലോചിച്ചു പ്രവൃത്തി തുടങ്ങണമെന്നു. ടി തീയതി.

633. വി. എം. ചാണ്ടിക്കു. സഭാ സംബന്ധമായ കാര്യങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

634. ചുങ്കത്തു ഇയ്യുവിനു. സഭാ സംബന്ധമായ കാര്യങ്ങൾ, കോയമ്പത്തൂർ പള്ളിക്കാര്യം, തോമ്മസ് രജിസ്ട്രാരുടെ മകൾക്കു തിരുമൂലയിൽ ജോലി കൊടുക്കുന്ന സംഗതി മുതലായവ. 102 മിഥുനം 27-നു പരുമല സിമ്മനാരിയിൽ നിന്നും.

635. പി. കെ. വർക്കിക്കു. കോട്ടപ്പടി തോമ്മസു രജിസ്ട്രാറുടെ മകൾ ബി. എ. പാസ്സായ ഒരു പെൺകുട്ടിക്കു തിരുമൂലയിൽ ജോലി കൊടുക്കുന്നതിനു സാധിക്കുമോയെന്നു. ടി തീയതി.

636. പി. സി. ജോൺ കത്തനാർക്കു. കോയമ്പത്തൂർ പള്ളിക്കാര്യം. ടി തീയതി. ടി സ്ഥലം.

637. പടിപ്പുരയ്ക്കലായ തലയാറ്റു ഉള്ളന്നൂർക്കാർക്ക്. അവിടുത്തെ പള്ളിക്കാര്യത്തെക്കുറിച്ചു ആലോചിക്കുന്നതിനു ഇത്രടം വരുന്നതിനു. ടി തീയതി. ടി സ്ഥലം.

638. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. കോനാട്ടു മല്പാന്റെ സുഖക്കേടിനെക്കുറിച്ചു അറിയിച്ചുതരണമെന്നു. 102 മിഥുനം 30-നു പരുമല സിമ്മനാരി.

639. മട്ടയ്ക്കൽ മല്പാനു. കായൽകാര്യത്തെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

640. ചെറിയമഠത്തിൽ അന്ത്രയോസു കത്തനാർക്കു. മകൻ ശെമ്മാശന്റെ ഫീസു ഇളവു ചെയ്തു തരുന്നതിനു എം.ഡി. സിമ്മനാരി കറസ്പോണ്ടന്റിനും ഹെഡ്മാസ്റ്റർക്കും എഴുതിയിട്ടുണ്ട് എന്നും മറ്റും. 102 മിഥുനം 30-നു പരുമല സിമ്മനാരിയിൽ നിന്നും.

641. പാറേട്ടു മാത്യൂസ് കത്തനാർക്കു. എം.ഡി. സിമ്മനാരി ഹെഡ്മാസ്റ്റർ ഇട്ടിച്ചെറിയയ്ക്കും കൂടി. ചെറിയമഠത്തിൽ അന്ത്രയോസ് കത്തനാരുടെ മകൻ അവിടെ പഠിക്കുന്ന ശെമ്മാശനു ഫീസു ഇളവു ചെയ്തു കൊടുക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

642. കെ. സി. കുട്ടന് (സമസ്ത തിരുവിതാംകൂർ മതപരിവർത്തന മഹാസഭ സിക്രട്ടറി). നിങ്ങളുടെ പ്രവൃത്തിയിൽ അനുമോദിക്കയും, അതു ഫലവത്തായി തീരുന്നതിനു പ്രാർത്ഥിക്കയും ചെയ്യുന്നു. നമ്മുടെ സഭയുടെ കുഴപ്പങ്ങളുടെ ഘട്ടമാകകൊണ്ടു തൽക്കാലം നിങ്ങൾ ആഗ്രഹിക്കുന്നപ്രകാരം നിങ്ങളുടെ മതപരിവർത്തന ശ്രമത്തിൽ എന്തെങ്കിലും ചെയ്യുന്നതിനു കഴിവില്ലാതാണിരിക്കുന്നതു എന്നു നിങ്ങളെ അറിയിക്കേണ്ടി വന്നതിൽ വ്യസനിക്കുന്നു. ടി തീയതി. ടി സ്ഥലം.

643. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

644. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. വട്ടിപ്പണക്കേസു സംബന്ധിച്ചും ... 102 മിഥുനം 31-നു പരുമല.

645. തയ്യിൽ കൊച്ചീപ്പച്ചനു. ടി കാര്യം.

102 കർക്കടകം 1-നു ഞായറാഴ്ച പകൽ 3 മണിക്ക്, മേപ്രാൽ ... കൊച്ചുമ്മന്റെ കല്യാണം പ്രമാണിച്ചു പരുമല നിന്നും തിരിച്ചു. അന്നു 5 മണിക്ക് മേപ്രാൽ ചെറിയപള്ളിയിൽ എത്തി താമസിച്ചു.

102 കർക്കടകം 2-നു ടി കൊച്ചുമ്മന്റെ കല്യാണം നടത്തിയതിന്റെ ശേഷം വൈകിട്ടു പരുമലയ്ക്കു പോന്നു. രാത്രി 7 മണിക്കു സിമ്മനാരിയിൽ എത്തി.

646. കാരിച്ചാൽ പള്ളിക്കാർക്കു. നിങ്ങളുടെ അപേക്ഷപ്രകാരം ആ പള്ളിയിലേക്കു ഈ മാസം 12-നു ശനിയാഴ്ച നാം വരണമെന്നു വിചാരിക്കുന്നതിനാൽ അതിനുള്ള വാഹനം അയച്ചുതരണമെന്നു. 102 കർക്കടകം 3-നു പരുമല സിമ്മനാരിയിൽ നിന്നും.

647. തെരുവത്തു മൂപ്പച്ചനു. അവിടത്തെ തൽക്കാല സ്ഥിതിഗതികളെക്കുറിച്ച് വിവരമായി അന്വേഷിച്ചറിഞ്ഞതിനുശേഷം അങ്ങോട്ടുള്ള നമ്മുടെ യാത്രയെക്കുറിച്ച് തീർച്ചപ്പെടുത്തി എഴുതി അയയ്ക്കാമെന്നു വിചാരിക്കുന്നതിനാൽ കൊച്ചു കത്തനാച്ചനെ ഇങ്ങോട്ടയക്കണമെന്നു. 102 കർക്കടകം 3-നു പരുമല സിമ്മനാരി.

648. തുമ്പമൺ പള്ളിയിടവകക്കാരായ കടത്തേത്തു കോരുള കൊച്ചുകോശി മുതൽപേർക്കു.

പ്രിയരെ, മിഥുന മാസം 28-നു നിങ്ങൾ നമുക്കയച്ച അപേക്ഷ കിട്ടി. അവിടത്തെ ഇംഗ്ലീഷ് സ്കൂളിന്റെ മാനേജർ നാം ആണെങ്കിലും കറസ്പോണ്ടന്റ് ആയ കെ. എം. മാമ്മൻ വക്കീൽ അതിന്റെ നടത്തിപ്പിൽ നമുക്ക് എന്തെങ്കിലും അധികാരമോ ചുമതലയോ ഉണ്ടെന്നുള്ള വിചാരം കൂടാതെ ഒരുവിധം പൂർണ്ണ സ്വാതന്ത്ര്യത്തോടെയാണു സകലവും നടത്തി വരുന്നതെന്നു ലജ്ജയോടു കൂടെ നാം പറഞ്ഞുകൊള്ളുന്നു. ഇതിൽ നാം മൗനമായിരിക്കുന്നതു എന്തുകൊണ്ടാണെന്നു നിങ്ങൾക്കും നന്നായിട്ടറിവുള്ളതാകയാൽ അതുകളെക്കുറിച്ചു ഇതിൽ പ്രസ്താവിക്കേണമെന്നു നാം വിചാരിക്കുന്നില്ല. സ്വദേശികളെ മേലാൽ ഹെഡ്മാസ്റ്ററന്മാരായി നിയമിച്ചുകൂടായെന്നു ചില കാരണങ്ങളാൽ പള്ളിക്കാരായ നിങ്ങളിൽ ചിലർ മുമ്പു ഒരിക്കൽ നിർബന്ധമായി പറയുകയുണ്ടായി എന്നുള്ളത് സത്യമാണ്. തൽക്കാല വാശിനിവൃത്തിക്കോ തർക്കപരിഹാരത്തിനോ ആയിട്ടുണ്ടായ ഒരു തീരുമാനത്തെ അടിസ്ഥാനപ്പെടുത്തി അങ്ങിനെ ഒരു നിശ്ചയം ചെയ്യുന്നതു പിന്നാലെ നിങ്ങൾക്കെല്ലാവർക്കും ഒന്നുപോലെ സങ്കടത്തിനു ഇടയാക്കുന്നതാകകൊണ്ടു നാം അതിനെ ഒരു നിശ്ചയമായി ഉറപ്പിച്ചിട്ടില്ല. അതിനാൽ ആ സ്കൂളിന്റെ നടത്തിപ്പുകൾ ഒക്കെ നമ്മുടെ അഭിപ്രായം അനുസരിച്ചു തന്നെയാണു നടത്തുന്നതെന്നു വിചാരിക്കയും വേണ്ട. ഇപ്പോഴത്തെ കറസ്പോണ്ടന്റ് ആയ കെ. എം. മാമ്മൻ വക്കീലിനെ കറസ്പോണ്ടന്റായി നാം നിയമിച്ചത് പള്ളിക്കാരുടെ അപേക്ഷയും ആഗ്രഹവും അനുസരിച്ചാകയാൽ നിങ്ങളുടെ അഭിപ്രായങ്ങളും, ആഗ്രഹങ്ങളും മാമ്മൻ വക്കീൽ സ്വീകരിച്ചു പ്രവർത്തിക്കാതിരിക്കയില്ലെന്നു നിങ്ങൾക്കു വിശ്വസിക്കാവുന്നതും വക്കീൽ മുഖാന്തിരം സങ്കടപരിഹാരം ഉണ്ടാക്കാവുന്നതുമാണല്ലോ. നമ്മുടെ സമുദായ സംബന്ധമായി പലവിധത്തിലും വിഷമിച്ചിരിക്കുന്നവനായ നമ്മെ കൂടുതൽ വ്യസനിപ്പിക്കുന്നതിനു അവിടെയുള്ള നമ്മുടെ അനുഗ്രഹിക്കപ്പെട്ട മക്കളായ നിങ്ങളിൽ ആരും ആഗ്രഹിക്കയില്ലെന്നു വിശ്വസിച്ചുകൊണ്ടു വാചകം ചുരുക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ...

എന്നു 102 കർക്കടകം 3-നു പരുമല സിമ്മനാരിയിൽ നിന്നും.

649. മട്ടയ്ക്കൽ മല്പാനു. കേസിന്റെ ആവശ്യത്തിലേക്കു പണം പിരിവിനെക്കുറിച്ചും മറ്റും. 102 കർക്കടകം 4-നു പരുമല സിമ്മനാരി.

650. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. കേസുകൾ മുതലായ വർത്തമാനങ്ങൾ.

651. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. സമുദായ സംഗതികളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

652. കൊപ്പാറെ ഗീവറുഗീസു കത്തനാർക്കു. തന്നെ കണ്ടു ഒരു പ്രത്യേക സംഗതി പറവാനുള്ളതുകൊണ്ടു ഉടനെ ഇത്രടം വന്നുപോകണമെന്നു. 102 കർക്കടകം 4-നു പരുമല സിമ്മനാരിയിൽ നിന്നും.

653. മാവേലിക്കര പുതിയകാവു പള്ളിക്കാർക്കു. സമുദായംവക വട്ടിപ്പണക്കേസിന്റെ പുനരിന്റെ ഹിയറിങ്ങു കേൾക്കാൻ തക്കവണ്ണം അടുത്ത ചിങ്ങം ആദ്യം ... ചെയ്തിരിക്കുന്നു. ഇതു സംബന്ധമായി നിങ്ങൾ പള്ളിക്കാരെ കണ്ടു ചില ... വാഹനങ്ങൾ അന്നത്തേക്കു ഇവിടെ എത്തിച്ചുതരണം. 102 കർക്കടകം 5-നു പരുമല സിമ്മനാരിയിൽ നിന്നും.

654. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

659. ഇടവങ്കാട്ടു പള്ളിക്കാർക്കു. വട്ടിപ്പണക്കേസിന്റെ ... മാവേലിക്കര പുതിയകാവു പള്ളിയിലേക്കു പോകുന്നു. നാലഞ്ചു ദിവസം അവിടെ താമസിക്കുന്നതാണ്. അതുകൊണ്ടു നിങ്ങളിൽ പട്ടക്കാരും യോഗപ്രധാനികളിൽ ഏതാനുംപേരും പുതിയകാവു പള്ളിയിൽ വരുന്ന തിങ്കളാഴ്ച (9-നു) നമ്മുടെ അടുക്കൽ വന്നു കാണ്മാൻ നാം ആഗ്രഹിക്കുന്നു. അശേഷവും ഉപേക്ഷ വിചാരിക്കരുതു. എന്നു 1102 കർക്കടകം 6-നു പരുമല സിമ്മനാരിയിൽ നിന്നും.

660. പത്തിച്ചിറ പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

661. വെണ്മണി പള്ളിക്കാർക്കു. ടി കല്പന. ടി തീയതി.

662. കരിപ്പുഴ പള്ളിക്കാർക്കു. ടി കല്പന. ടി തീയതി.

663. കൊറ്റമ്പിള്ളിൽ പള്ളിക്കാർക്കു. ടി കല്പന. ടി തീയതി. ടി സ്ഥലം.

664. മട്ടയ്ക്കൽ മല്പാനു. കായൽകാര്യം, പണപിരിവ്, പഴയസിമ്മനാരിയിൽ സുറിയാനി പുസ്തകങ്ങൾ അച്ചടിക്കുന്നതു മുതലായ കാര്യങ്ങൾ. ടി തീയതി.

665. ഇലഞ്ഞിക്കൽ ഫിലിപ്പോച്ചനു. മദ്രാസിനു ഉടൻ പോകണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

666. കെ. പി. പുന്നൂസ് വക്കീലിന്. സഭാസംബന്ധമായ സംഗതികൾ ... മുതലായതു.

671. കോഴഞ്ചേരി പുത്തൻപള്ളിക്കാർക്കു. വട്ടിപ്പണക്കേസിന്റെ അവധി ചിങ്ങം ആദ്യയാഴ്ചയിലാണെന്നും, അന്നേക്കു ഒരു മദ്രാസ് വക്കീലിനെ വരുത്തണമെന്നു തന്നെ നിശ്ചയിച്ചിരിക്കുന്നു. ഇതിന്റെ ചിലവിനു ഏഴു എണ്ണായിരം രൂപായിൽ കുറയാതെ വേണം. നമുക്കു പള്ളിയിൽ സഞ്ചരിച്ചു പിരിക്കുന്നതിനു നല്ല സുഖവും, സമയവും ഇല്ലാത്തതുകൊണ്ടു നമ്മുടെ കൊപ്പാറെ ഗീവറുഗീസു കത്തനാരെ കല്പനയോടു കൂടി നാം അയയ്ക്കുന്നു. കല്പനയിൽ വിവരിച്ചിരിക്കുന്ന സംഖ്യ ഉടനടി ഗീവറുഗീസു കത്തനാരുവശം നമുക്കു എത്തിച്ചുതരണം. ഒരു അവധിയും പറയരുതെന്നു നിർബന്ധിച്ചുകൊള്ളുന്നു. എന്നു 102 കർക്കടകം 10-നു മാവേലിക്കര പുതിയകാവു പള്ളിയിൽ നിന്നും.

672. കോഴഞ്ചേരി വഞ്ചിത്ര പള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി.

673. പര്യാരത്തു പുത്തൻ പള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി. ടി സ്ഥലം.

674. വയലത്തല പള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

675. പ്രക്കാനത്തു പഴയപള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

676. പ്രക്കാനത്തു പുത്തൻപള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

677. ഉളകനാട്ടിൽ പള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

678. ... പള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

679. കുടശ്ശനാട്ടു പള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

680. അറത്തി പള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

681. ചന്ദനപ്പള്ളി വലിയപള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

682. കൊടുമൺ പള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.



683. കിഴവള്ളൂർ പള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

684. ... പള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

685. കൊച്ചുമെത്രാച്ചനു. കടമ്പനാട്ടു പള്ളിക്കാരുടെ കാര്യം സമാധാനമായി തീർക്കുന്നതിനു വാദിപ്രതികൾ സമ്മതിച്ചിരിക്കുന്നതിനാൽ അവരുടെ കാര്യത്തിൽ വേണ്ടതു പ്രവർത്തിക്കണമെന്നു. 102 കർക്കടകം 12-നു പത്തിച്ചിറ പള്ളിയിൽ നിന്നും.

686. താഴേതിൽ കീവറീച്ചനു. കടമ്പനാട്ടു പള്ളിക്കാര്യം രാജിയായി തീരുന്നതിനു വാദിപ്രതികൾ സമ്മതിച്ചിരിക്കുന്നതിനാൽ അതൊരു ... പോലെ സമ്മതിക്കണം. കൊച്ചു മെത്രാച്ചന്റെ അടുക്കൽ താൻ കൂടി പോയിരുന്നെഴുതിക്കണം. ടി തീയതി. ടി സ്ഥലം.

687. മട്ടയ്ക്കൽ മല്പാനു. ...

688. കൊപ്പാറെ ഗീവറുഗീസ് കത്തനാർക്കു. പള്ളികൾക്കുള്ള പണപ്പിരിവ് കല്പനകൾ അയക്കുന്നു എന്നും ഉടനെ തിരിച്ചു എത്തിച്ചുതരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

689. കല്ലൂപ്പാറ പള്ളിക്കാർക്കു. വട്ടിപ്പണക്കേസിന്റെ പുനരവധി അടുത്ത ചിങ്ങം ആദ്യ ആഴ്ചയിലാണ്. ഈ പ്രാവശ്യവും ഒരു മദ്രാസു വക്കീലിനെ വരുത്തണമെന്നു നിശ്ചയിച്ചിരിക്കുന്നു. ഇതിന്റെ ചിലവിലേക്കുള്ള പണം ഉണ്ടാക്കേണ്ടിയിരിക്കുന്നു. സമയചുരുക്കത്താലും സുഖമില്ലായ്കയാലും നമുക്കു സഞ്ചരിക്കുന്നതിനു പ്രയാസമുണ്ട്. അതിനാൽ ഈ കല്പനയോടുകൂടി വരുന്ന വാലാപറമ്പിൽ യോഹന്നാൻ കത്തനാരു വശം കല്പനയിൽ വിവരിക്കുന്ന സംഖ്യ ഉടൻ നമുക്കെത്തിച്ചു തരണമെന്നു സ്നേഹപൂർവ്വം നിർബന്ധിക്കുന്നു. 102 കർക്കടകം 13-നു മാവേലിക്കര പുതിയകാവു പള്ളിയിൽ നിന്നും.

690. ചെങ്ങരൂർ പള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

691. മല്ലപ്പള്ളി പുത്തൻപള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

692. വെണ്ണിക്കുളം പള്ളിക്കാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

693. കക്കുടിയിൽ മാത്യൂസ് കത്തനാർക്കു. വെണ്ണിക്കുളത്തെ പണം താൻ പിരിപ്പിച്ചു വാലാപ്പറമ്പിൽ യോഹന്നാൻ കത്തനാരു വശം ഉടൻ എത്തിച്ചുതരണമെന്നു. ടി തീയതി, ടി സ്ഥലം.

694. മുണ്ടപ്ലാക്കൽ യാക്കോബ് കത്തനാർക്കു. ടി കാര്യങ്ങൾക്കു (ചെങ്ങരൂർ പള്ളി).

695. താഴത്തെപീടികയിൽ കുറിയാക്കോസു കത്തനാർക്കു. ... ടി കല്പന, ടി തീയതി, ടി സ്ഥലം.

696. ... മത്തായി കത്തനാർക്കു. തന്നെ കണ്ടു ചില സംഗതികൾ പറവാനുള്ളതിനാൽ വരുന്ന ഞായറാഴ്ച ... നമ്മുടെ മുമ്പാകെ വന്നുചേരണം. നാം നാളെ ഇവിടെനിന്നും കാരിച്ചാൽക്കു പോകും. 102 കർക്കടകം 13-നു മാവേലിക്കര പുതിയകാവു പള്ളിയിൽ നിന്നും.

697. കരിയേൽ ഗീവറുഗീസ് കത്തനാർക്കു. ടി കല്പന, ടി തീയതി, ടി സ്ഥലം.

13-നു വെള്ളിയാഴ്ച വിലനിലത്തു മൂപ്പച്ചന്റെ വീട്ടിൽ പോയി ടിയാന്റെ ദീനത്തെ കാണുകയും, ഒരു പ്രാർത്ഥന കഴിക്കുകയും ചെയ്തതിന്റെ ശേഷം സിമ്മനാരി പള്ളിയും ഇംഗ്ലീഷ് സ്കൂളും പോയി കണ്ടു മടങ്ങി.

14-നു ശനിയാഴ്ച 2 മണിക്ക് പുതിയകാവു പള്ളിയിൽ നിന്നും വള്ളം വഴി 5 മണിക്ക് കാരിച്ചാൽ പള്ളിയിലെത്തി താമസിക്കുന്നു.

698. ഇ. ജെ. ഫീലിപ്പോസ് വക്കീലിനു. മദ്രാസിനു പോകേണ്ടതിനെക്കുറിച്ചും മറ്റും. 102 കർക്കടകം 16-നു കാരിച്ചാൽ പള്ളിയിൽ നിന്നും.

699. പുത്തൻകാവ് പള്ളിയുടെ തന്നാണ്ടു കൈസ്ഥാനികളായ പറമ്പിൽ പീടികയിൽ ചാക്കോ ഈപ്പനും പുത്തൻപുരയ്ക്കൽ മാത്തൻ മാത്തനും കൂടി.

പ്രിയരെ, ഈ മാസം 10-നു നിങ്ങൾ അയച്ച അപേക്ഷ കിട്ടി. ആ പള്ളിക്കാർ പൊതുയോഗം കൂടി പസാരകാര്യത്തെ സംബന്ധിച്ചു ആലോചന നടത്തി നിശ്ചയിച്ച വിവരം അന്നത്തെ യോഗാദ്ധ്യക്ഷൻ മുഖാന്തിരം നമ്മെ ബോധിപ്പിച്ചതിനു കഴിഞ്ഞ മാസം 23-നു ആ പള്ളിക്കായി യോഗാദ്ധ്യക്ഷനായ കിഴക്കേത്തലയ്ക്കൽ തോമസു കത്തനാരുടെ മേൽവിലാസത്തിൽ നാം അയച്ചിട്ടുള്ള നമ്മുടെ മറുപടി കല്പനയിലെ വിവരം നിങ്ങളും അറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. ടി പൊതുയോഗ നിശ്ചയം ആ പള്ളിക്കെന്നു മാത്രമല്ല നമ്മുടെ സമുദായത്തിൽപ്പെട്ട എല്ലാ പള്ളിക്കാർക്കും ദോഷകരമായിട്ടുള്ളതാകകൊണ്ടു അതിനെ അംഗീകരിച്ചനുവദിപ്പാൻ നമുക്കു പാടുള്ളതല്ല. നാം അനുവദിക്കുന്നതുമല്ല എന്നും ഈ വിധമുള്ള നാശകരമായ ആലോചനകൾക്കും, അഭിപ്രായങ്ങൾക്കും, നിങ്ങളിൽ ആരും മനസ്സുവച്ചു പോകരുതെന്നും ആകുന്നു നാം കല്പന അയച്ചിട്ടുള്ളതു. അതിനാൽ ഈ വിഷയം സംബന്ധിച്ച് മലങ്കര സുന്നഹദോസിന്റെ ഒരു നിശ്ചയം ഉണ്ടാകുന്നതുവരെ ആ പള്ളിയുടെ മുൻനടപ്പനുസരിച്ചു നടന്നും നടത്തിച്ചും കൊള്ളണമെന്നും ഇതിനാൽ നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു. ഇപ്പോഴത്തെ പള്ളിക്കണക്കൻ ... പള്ളിയുടെ വസ്തുക്കളുടെ പാട്ടച്ചീട്ടു, തെരട്ടു, നീക്കിയിരിപ്പ്, റിക്കാർട്ടുപെട്ടി ഇവകൾ കഴിഞ്ഞ ഭരണക്കാർ നിങ്ങളെ ഏല്പിച്ചിട്ടില്ലെന്നും, നിങ്ങളുടെ അപേക്ഷയിൽ കാണുന്നു. ഇതുകളെ സംബന്ധിച്ചു ആ പള്ളിക്കമ്മറ്റിയുടെ ഒരു യോഗം കൂട്ടി അവരുടെ അഭിപ്രായം അറിഞ്ഞും നിങ്ങളുടെ ചുമതലകളെ ആലോചിച്ചും വേണ്ടവിധത്തിൽ പ്രവർത്തിച്ചുകൊള്ളണം. ശേഷം പിന്നാലെ. എന്നു 102 കർക്കടകം 17-നു കാരിച്ചാൽ പള്ളിയിൽ നിന്നും.

700. കരുവാറ്റ പള്ളിക്കാർക്കു. നിങ്ങളെ കണ്ടു ചില സംഗതികൾ പറവാനുള്ളതിനാൽ നിങ്ങൾ നാളെ ഇത്രടം വന്നുപോകണമെന്നു. ടി തീയതി, ടി സ്ഥലം.

701. ആനാരി പള്ളിക്കാർക്കു വരുന്നതു. ടി കല്പന, ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

702. വഞ്ചിയിൽ ഫീലിപ്പോസു കത്തനാർക്കു. താൻ ഉടൻ ഇത്രടം വന്നു പോകണമെന്നു. ടി തീയതി, ടി സ്ഥലം.

703. തേനുങ്കൽ ഗീവറുഗീസു കത്തനാർക്കു. സമാധാന കാര്യങ്ങളെ സംബന്ധിച്ചും മറ്റും. 102 കർക്കടകം 17-നു കാരിച്ചാൽ പള്ളിയിൽ നിന്നും.

704. ചൊള്ളമ്പേൽ യോഹന്നാൻ കത്തനാർക്കു. ടി കാര്യങ്ങൾ, ടി തീയതി, ടി സ്ഥലം.

705. പി. പി. തൊമ്മൻ മാസ്റ്റർക്കു. കേസുകളെക്കുറിച്ച്. 102 കർക്കടകം 18-നു കാരിച്ചാൽ നിന്നും.

706. പുളിമൂട്ടിൽ അബ്രഹാം വക്കീലിന്. ടി കാര്യം.

707. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. കേസുകളെ സംബന്ധിച്ച്. ടി തീയതി.

708. അലക്സിയോസ് അച്ചനു. മേപ്പാടത്തു പള്ളി ഉടമ്പടിയെക്കുറിച്ച്. ടി തീയതി.

709. കുറുന്തോട്ടത്തിൽ പീലിപ്പോസു കത്തനാർക്കു. മാരാമണ്ണു പള്ളി നടത്തേണ്ട കാര്യം. ടി തീയതി. ടി കാര്യം.

710. പുത്തീരേത്തു വടക്കേടത്തു ഗീവറുഗീസ് കത്തനാർക്കു. കരിപ്പുഴ പള്ളി കാര്യത്തെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

711. (പരുമല) ഫീലിപ്പോസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി, ടി സ്ഥലം.

712. കന്നിയേൽ ഗീവറുഗീസ് കത്തനാർക്കും,

713. പുളിമൂട്ടിൽ തോമ്മാച്ചനും,

714. പള്ളിപ്പാട്ടു പള്ളിക്കാർക്കും,

715. അരാഴി പള്ളിക്കാർക്കും. നിങ്ങൾ വരുന്ന ഞായറാഴ്ച ... കാർത്തിക പള്ളി പള്ളിയിൽ നമ്മുടെ മുമ്പാകെ വന്നുചേരണം. ചില പ്രത്യേക സംഗതികൾ പറയുവാനുള്ളതിനാൽ വന്നിട്ടു പോകണം. 102 കർക്കടകം 19-നു കാരിച്ചാൽ പള്ളിയിൽ നിന്നും.

716. കാരിച്ചാൽ പള്ളിക്കാർക്കു. ഈ മാസം 17-നു ആകുന്ന ഇന്നലെ ദിവസം ഈ പള്ളിയിൽ നമ്മുടെ അദ്ധ്യക്ഷതയിൽ ഇടവകയോഗം കൂടി പള്ളിവക വരവുചിലവുകളുടെ കണക്കു കേട്ടു തിരട്ടാക്കി യോഗം ഒപ്പിട്ടു പാസ്സാക്കുക, പഴയ ചുമതലക്കാർ അവരുടെ ചുമതല ഒഴിയുക, പുതിയ ചുമതലക്കാരെ തിരഞ്ഞെടുത്തു അവരെ ചുമതലയേൽപ്പിക്ക, ഈ ഇടവകയിൽ നിന്നും ശെമ്മാശുപട്ടത്തിനു രണ്ടു കുട്ടികളെ തിരഞ്ഞെടുക്കുക മുതലായി യോഗത്തിൽ നടന്നിട്ടുള്ള സംഗതികൾക്കു മിനിട്ട്സ് എഴുതിയിട്ടുണ്ടല്ലോ. ഇതുകളെ നാം അംഗീകരിച്ചു ഈ കല്പന മൂലം സ്ഥിരപ്പെടുത്തിയിരിക്കുന്നതാകകൊണ്ടു ഇനിയൊരു കല്പന അയയ്ക്കുന്നതുവരെ ഇതനുസരിച്ചു നിങ്ങൾ നടന്നും നടത്തിയും കൊള്ളണം.

ശേഷം പിന്നാലെ. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും... 102 കർക്കടകം 19-നു കാരിച്ചാൽ പള്ളിയിൽ നിന്നും.

കർക്കടകം 19-നു വ്യാഴാഴ്ച സന്ധ്യയ്ക്കു കാരിച്ചാൽ പള്ളിയിൽ നിന്നും പുറപ്പെട്ട് കാർത്തികപ്പള്ളിയിൽ എത്തി താമസിക്കുന്നു.

717. ആർത്താറ്റു കുന്നംകുളം പള്ളിക്കു. വട്ടിപ്പണക്കേസിന്റെ പുനരിന്റെ ഇപ്പോഴത്തെ ചിലവിലേക്കു നിങ്ങളുടെ പള്ളികളിൽ നിന്നു 600 രൂപാ ഉടൻ അയച്ചുതരണമെന്നും മറ്റും. 102 കർക്കടകം 21-നു കാർത്തികപ്പള്ളി പള്ളിയിൽ നിന്നും.

718. തെക്കേക്കര കുറിയാക്കോസ് കത്തനാർക്കു. ടി കല്പനയെപ്പറ്റിയും മറ്റും. താൻ ഉത്സാഹിച്ചു പിരിച്ചു പണം അയച്ചുതരണമെന്നു. ടി തീയതി, ടി സ്ഥലം.

719. എൻ. ജി. കുറിയാക്കോസ് കത്തനാർ ബി.ഡി. ക്ക്. കുഴിപ്പള്ളി ഇടവകക്കാരൻ ചക്കാലയിൽ കൊച്ചുവർക്കിയും സഹോദരന്മാരുമായുള്ള കേസു സത്യത്തിൽ തീരുമാനിക്കുന്നതു സത്യം ചെയ്യാതെയിരിപ്പാൻ ... ടി തീയതി, ടി സ്ഥലം.

722. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. 102 കർക്കടകം 23-നു കാർത്തികപ്പള്ളി പള്ളിയിൽ നിന്നും.

723. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. കേസിനെക്കുറിച്ചും മറ്റും. ടി തീയതി, ടി സ്ഥലം.

724. റ്റി. ജി. മാത്യുവിനു. മാക്കാംകുന്നു സ്കൂളിനെക്കുറിച്ചും മറ്റും. ടി തീയതി, ടി സ്ഥലം.

725. നാവള്ളിൽ തോമ്മാച്ചനു. ഭാര്യയുടെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

728. സ്കറിയാ മല്പാനു. കേസുകളെക്കുറിച്ചും മറ്റും.

729. കാർത്തികപ്പള്ളി സെന്റ് തോമസ് വേദാദ്ധ്യായ സംഘക്കാർക്കു. നിങ്ങളുടെ വേലകളും ഉത്സാഹങ്ങളും കണ്ടു നാം സന്തോഷിക്കുന്നു എന്നും ... 102 കർക്കടകം 20-നു കാർത്തികപ്പള്ളി പള്ളിയിൽ നിന്നും.

730. കാർത്തികപ്പള്ളി പള്ളിക്കാർക്കു. പ്രിയരെ, നമ്മുടെ സഭയിലെ പട്ടക്കാരുടെ പെൺകുട്ടികളെ കല്യാണം കഴിപ്പിക്കുമ്പോൾ കൊടുക്കുന്ന സ്ത്രീധനത്തിനു പസാരം വാങ്ങുക പതിവില്ലാത്തതാണല്ലോ. ഇതു ഒരു നല്ല നടപടിയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ പട്ടക്കാരുടെ ആൺകുട്ടികളെ കല്യാണം കഴിപ്പിക്കുമ്പോൾ പട്ടക്കാരുടെ മക്കളാണെന്നു കാരണം പറഞ്ഞുകൊണ്ട് പെൺകൂട്ടക്കാർ വെക്കേണ്ടതായ പസാരം വെയ്ക്കാതെ കഴിക്കുന്നതിന് ചിലർ ഉത്സാഹിക്കയും ഈ ഇടവകയിൽ പസാരത്തിൽ മൂന്നിൽ രണ്ടുഭാഗം വെയ്ക്കാതെ ഒരു ഭാഗം മാത്രം വെയ്ക്കയും ചെയ്ക എന്നുള്ള ഒരു പതിവ് കുറച്ചുനാളുകളായി നടന്നുവരുന്നുണ്ടല്ലോ. ഇതുകൊണ്ട് പട്ടക്കാർക്കാകട്ടെ ഈ പള്ളിക്കാകട്ടെ നഷ്ടമല്ലാതെ യാതൊരു പ്രയോജനവും ഇല്ലായെന്നു നിങ്ങൾ ഏവരും സമ്മതിക്കുന്നതാണ്. ഈ വിധത്തിലുള്ള ഒരു പതിവ് മറ്റു പള്ളികളിൽ നടപ്പുള്ളതായി നാമും അറിയുന്നില്ല. ഈ നടപ്പിനെ ഒഴിവാക്കണമെന്നാണു നിങ്ങൾ ഇടവകക്കാരുടെയും ആഗ്രഹമെന്നറിയുന്നതിൽ നാം സന്തോഷിക്കുന്നു. അതിനാൽ ഇന്നു മുതൽ മേലാൽ പട്ടക്കാരുടെ ആൺമക്കളെക്കൊണ്ടു കല്യാണം കഴിപ്പിക്കുന്ന പെൺകുട്ടികൾക്കു പസാരം ഇളവുചെയ്തു കൊടുക്കാതെ മറ്റുള്ള കല്യാണങ്ങൾക്കു ചെയ്തുവരുന്ന പതിവിൻപ്രകാരം മുഴുവൻ വയ്പ്പിച്ചുകൊള്ളേണ്ടതാകുന്നു. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയയ്ക്കുന്നതാണ്. 102 കർക്കടകം 24-നു കാർത്തികപ്പള്ളി പള്ളിയിൽ നിന്നും.

102 കർക്കടകം 24-നു വ്യാഴാഴ്ച ഉച്ചയ്ക്കു കാർത്തികപ്പള്ളി പള്ളിയിൽ നിന്നും വള്ളത്തേൽ ... അന്നു തന്നെ രാത്രി 9 മണിയോടു കൂടി വള്ളത്തേൽ ... രാവിലെ സിമ്മനാരിയിൽ എത്തുകയും ചെയ്തു.

(തുടരും)


സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്








തിരുവല്ല: 1985-ൽ ആരംഭിച്ച മലങ്കര ഓർത്തഡോക്സ് സഭയുടെ ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ റൂബി ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ക്രമീകരിക്കുന്ന വിവിധ ജീവകാരുണ്യ പദ്ധതികളുടെയും, ഭദ്രാസനവികസന പ്രവർത്തനങ്ങളുടെയും ധനശേഖരണാർത്ഥം നടത്തപ്പെടുന്ന ചെങ്ങന്നൂർ ഭദ്രാസന ഫെസ്റ്റ് 2025 ഫെബ്രുവരി 26 ബുധനാഴ്ച രാവിലെ 7 മുതൽ വൈകിട്ട് 7.30 വരെ ബഥേൽ അരമന ഗ്രൗണ്ടിൽ നടക്കും.

വി. കുർബാനയോടു കൂടി ആരംഭിക്കുന്ന ഫെസ്റ്റ് ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും. മാർത്തോമ്മാ സഭാ ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസനാധിപൻ ഡോ. യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ, ഫിഷറിസ് - സംസ്കാരിക - യുവജനക്ഷേമ വകുപ്പ് മന്ത്രി സജി ചെറിയാൻ, കൊടിക്കുന്നിൽ സുരേഷ് എം.പി, മലങ്കരസഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, പന്തളം നഗരസഭാ ചെയർമാൻ അച്ചൻകുഞ്ഞ് ജോൺ, ചെങ്ങന്നൂർ നഗരസഭാ ചെയർപേഴ്സൺ ശോഭാ വർഗീസ് തുടങ്ങിയവർ വിവിധ സമയങ്ങളിൽ ഫെസ്റ്റിൽ പങ്കെടുക്കും. പ്രശസ്ത കലാകാരന്മാരും കലാകാരികളും അവതരിപ്പിക്കുന്ന കലാപരിപാടികൾ വിവിധ സമയങ്ങളിലായി ഫെസ്റ്റ് നഗരിയിൽ അരങ്ങേറും. ഭക്ഷ്യവിഭവങ്ങളുടെ വിപണന സ്റ്റാളുകൾ, പുസ്തകശാലകൾ, ഔഷധ സസ്യങ്ങൾ, പൂച്ചെടികൾ, വിനോദ ഗെയ്മുകൾ, സാംസ്കാരിക സമ്മേളനങ്ങൾ എന്നിവ ഫെസ്റ്റിനോട് അനുബന്ധിച്ച് നടക്കും. ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളുടെയും സഹകരണത്തോടെയാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.





സഭാ ഭരണഘടനാ രൂപീകരണത്തിൽ അത്മായനേതൃത്വത്തിന്റെ പങ്ക്

ഡെറിൻ രാജു

മലങ്കരസഭാ ഭരണഘടന തൊണ്ണൂറു വർഷങ്ങൾ പിന്നിടുകയാണല്ലോ. 1934 ഡിസംബർ 26-നു മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പാസ്സാക്കുകയും അന്നുതന്നെ എപ്പിസ്കോപ്പൽ സിനഡ് അംഗീകരിക്കുകയും അന്നു മുതൽ നിലവിൽ വരികയുമാണ് ചെയ്തത്. സഭ ഔദ്യോഗികമായി ക്രമീകരിച്ച നവതി ആഘോഷങ്ങൾ പരിസമാപ്തിയിലും എത്തി. എന്നാൽ ഈ ഭരണഘടനാ രൂപീകരണത്തിന് പിന്നിൽ മുഖമില്ലാതെയും നേരിട്ടും പ്രവർത്തിച്ച നിരവധി ആളുകൾ ഉണ്ട്. പ്രത്യേകിച്ച് അയ്മേനികൾ. അവരുടെ പ്രവർത്തനങ്ങൾ കാര്യമായി എങ്ങും പരാമർശിക്കുന്നില്ലായെന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ മുമ്പത്തെ സാഹചര്യത്തിൽ നിന്ന് വളരെ വ്യത്യാസങ്ങൾ ഇന്ന് ഉണ്ടായിട്ടുണ്ട് എന്നതും സമ്മതിക്കേണ്ടതാണ്. അതിൽ പ്രധാന പങ്കു വഹിച്ചത്, "മലങ്കരസഭാ ഭരണഘടന: ചരിത്രം, രേഖകൾ, ഭേദഗതികൾ" എന്ന പുസ്തകമാണ് എന്നതിലും അഭിമാനമുണ്ട്.

2019 ആദ്യമാണ് കാര്യമായ നിലയിൽ സഭാഭരണഘടനയെപ്പറ്റി പഠിക്കുവാൻ ആരംഭിച്ചത്. സഭാ ഭരണഘടന രൂപീകരിക്കപ്പെട്ടിട്ട് 85 വർഷത്തിനടുത്ത് ആയപ്പോഴാണ് ഈ പഠനം ആരംഭിച്ചതെങ്കിലും ചില ലേഖനങ്ങൾ ഒഴികെ കാര്യമായ ഒരു പഠനവും പ്രത്യേകിച്ച് ഭരണഘടനയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഒന്നുംതന്നെ ഇല്ലായിരുന്നു എന്ന യാഥാർത്ഥ്യം ബോധ്യപ്പെട്ടത്. പ. വട്ടശ്ശേരിൽ തിരുമേനി ഭരണഘടന ഉണ്ടാക്കിയെന്ന് പണ്ടാരോ പറഞ്ഞു പതിഞ്ഞ ഒരു വാചകമല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല. അവിടെനിന്നാണ് 2019 ഒക്ടോബറിൽ പുസ്തകത്തിന്റെ ആദ്യ പതിപ്പ് ഇറങ്ങിയത്. രണ്ടാമത്തെ പതിപ്പ് 2023 ഏപ്രിലിലും ഇറങ്ങി. ഉടനെ മൂന്നാം പതിപ്പ് പുറത്തിറക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അന്നുവരെ നിലനിന്നിരുന്ന നിരവധി തെറ്റിദ്ധാരണകളും അബദ്ധങ്ങളും തിരുത്താൻ പുസ്തകത്തിനു സാധിച്ചു എന്ന് അഭിമാനത്തോടെ പറയട്ടെ.

മലങ്കരസഭയുടെ ഭരണം ഒരിക്കലും ഒരു മെത്രാൻ സമിതിയുടെ ഏകപക്ഷീയ ഭരണമായിരുന്നില്ല. അതിൽ വൈദികർക്കുള്ള അത്രയുമോ അതിലധികമോ ആയ ഒരു ചുമതലയും ഉത്തരവാദിത്തവും അവൈദികർക്കും ഉണ്ടായിരുന്നു. അവൈദികർ കൂടി ഉൾക്കൊള്ളുന്ന സമിതി അംഗീകരിക്കാത്ത തീരുമാനങ്ങൾ മലങ്കരയിൽ നടപ്പിലാകില്ലായെന്ന് റോമൻ കത്തോലിക്കാ രീതികൾ മലങ്കരയിൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ച സാക്ഷാൽ അലക്സിസ് ഡി മെനസിസിന് വരെ അറിയാമായിരുന്നു. അതിന്റെ ഏറ്റവും വലിയ തെളിവ് ഉദയംപേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടുവാൻ ചേന്ദമംഗലത്ത് നിന്ന് 1599 മെയ് മാസം 14-ാം തീയതി അയച്ച സർക്കുലർ തന്നെയാണ്. അതിൽ കാണുന്നത് "ജനങ്ങൾ പള്ളികളിൽ സമ്മേളിച്ച് ഉത്തമന്മാരായ നാലുപേരെ വീതം പ്രതിനിധികളായി തെരഞ്ഞെടുത്ത് അധികാരപ്പെടുത്തി സുന്നഹദോസിലേക്ക് അയയ്ക്കണം" എന്നാണ്. മലങ്കരയിലെ കീഴ്നടപ്പ് എന്തായിരുന്നു എന്നതിന്റെ പ്രത്യക്ഷ സൂചനയായി ഈ വാചകത്തെ പരിഗണിക്കാം.

വളയമില്ലാതെ ചാടാൻ, അതിപ്പോൾ ആരായിരുന്നാലും നസ്രാണികൾ സമ്മതിക്കുമായിരുന്നില്ല. അതു പരദേശത്തുനിന്ന് വന്ന മെത്രാന്മാരായിരുന്നാലും അല്ല മലങ്കര മെത്രാപ്പോലീത്താ ആയിരുന്നാലും അതിനു ഉതകുന്നവിധം അവർ ധാരാളം പടിയോലകളും സുന്നഹദോസ് നിശ്ചയങ്ങളും കാലാകാലങ്ങളിൽ പാസ്സാക്കിയിട്ടുമുണ്ട്. കണ്ടനാട് പടിയോല, പുതിയകാവ് തീരുമാനങ്ങൾ, കോട്ടയം ചട്ടവര്യോല എന്നിവയൊക്കെ അവയ്ക്ക് ഉദാഹരണങ്ങളാണ്. ഇവയെ ഒക്കെയും മലങ്കരസഭാ ഭരണഘടനയുടെ പൂർവ്വരൂപങ്ങളായും കണക്കാക്കാവുന്നതുമാണ്. ഇതു കൂടാതെ പല പഴയപള്ളികൾക്കും സ്വന്തമായ ഭരണഘടനയോ ഉടമ്പടിയോ ഉണ്ടായിരുന്നു. ഈ പള്ളികളുടെ ഭരണഘടനകളിൽ പള്ളി ഇടവകയുടെ ഭരണവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ മാത്രമാണുണ്ടായിരുന്നത്. കോലഞ്ചേരി, നിരണം, മണ്ണത്തൂർ തുടങ്ങിയ പല പള്ളികൾക്കും 1925-നു മുമ്പുതന്നെ ഇത്തരം ക്രമീകരണങ്ങൾ ഉണ്ടായിരുന്നു.

1920-ന്റെ ആരംഭത്തിലാണ് സഭാഭരണഘടനയുടെ രൂപീകരണം എന്ന ഒരു ആശയം ഒരുപറ്റം ആളുകളുടെ ഇടയിൽ ബീജാവാപം ചെയ്തത്.

മലങ്കരസഭാ ഭരണഘടനയുടെ രൂപീകരണം കാലഘട്ടത്തിന്റെ കൂടി സൃഷ്ടിയാണ്; കാരണം 20-ാം നൂറ്റാണ്ടിന്റെ ആരംഭം ലോകത്താകമാനം തന്നെ ജനാധിപത്യത്തിനായുള്ള മുറവിളികൾ ശക്തമായ സമയമായിരുന്നല്ലോ. അതിന്റെ അനുരണനങ്ങൾ മലങ്കരസഭയിലും ഉണ്ടായി. അതിന്റെ ഉത്പന്നമായിരുന്നു 1920-ൽ ആരംഭിച്ച 'സുറിയാനി സഭാമാസിക.' സഭയിലെ ജനാധിപത്യവാദികൾ ഇടവകഭരണത്തിലും സമുദായ ഭരണത്തിലും കൂടുതൽ പ്രാതിനിധ്യം ആവശ്യപ്പെടുകയും അതിനായി അവർ അവരുടെ നാവായി സുറിയാനി സഭാമാസികയെ ഉപയോഗിക്കുകയും ചെയ്തു. മലങ്കരസഭാ ഭരണഘടനയുടെ ചരിത്രം പഠിക്കുന്ന ആർക്കും സുറിയാനി സഭാമാസികയെ മറന്നുപോകാനോ അവഗണിക്കാനോ സാധിക്കുകയില്ല. 1920-ൽ തിരുവനന്തപുരം സിറ്റി പ്രസിൽ നിന്നും എൻ. ജെ. ഫെർണാണ്ടസ് പ്രിന്ററും പബ്ലീഷറുമായി മാസിക പ്രവർത്തനം ആരംഭിച്ചു. പി. ജേക്കബ് കുര്യൻ (മാവേലിക്കര) പത്രാധിപരും എൻ. ജെ. ഡേവിഡ് ജോയിന്റ് എഡിറ്ററും ചിത്രമെഴുത്ത് കെ. എം. വർഗീസ്, വി. കെ. സഖറിയാ, വി. ഐ. ജേക്കബ്, ഫീലിപ്പോസ് മത്തായി എന്നിവർ പത്രാധിപ സമിതി അംഗങ്ങളും ആയിരുന്നു. 'ജനങ്ങളുടെ ശബ്ദം, ദൈവത്തിന്റെ ശബ്ദം' എന്നതായിരുന്നു മാസികയുടെ മുദ്രാവാക്യം. ഇതിൽനിന്നു തന്നെ ഇതൊരു അത്മായ പ്രസിദ്ധീകരണമായിരുന്നുയെന്ന് വ്യക്തമാണ്. വ്യവസ്ഥാപിതമായ ഒരു ഭരണഘടന മലങ്കരസഭയ്ക്ക് ആവശ്യമാണെന്നും എന്നാൽ അത് എപ്പിസ്കോപ്പൽ ഭരണരീതിയല്ലെന്നും മാസിക അഭിപ്രായപ്പെട്ടു. തുടർച്ചയായി ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. മലങ്കര മെത്രാപ്പോലീത്തായുടെ എപ്പിസ്കോപ്പൽ മുൻഗണനകളെയും മാസിക ശക്തമായി എതിർത്തു.

സുറിയാനി സഭാ മാസിക, സഭാചരിത്രത്തെ പുനർവായന നടത്തുകയും മലങ്കര-അന്ത്യോഖ്യൻ ബന്ധത്തെ ഒരു വ്യവസ്ഥാപിത രീതിയിലാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തുകൊണ്ട് ഒരു ഭരണഘടനാ ഡ്രാഫ്റ്റ് തന്നെ അവതരിപ്പിച്ചു. കോട്ടയം മാങ്ങാനം സ്വദേശിയായിരുന്ന ടി. ജോസഫ്, അഡ്വ. പത്രോസ് മത്തായി, കെ. കെ. ലൂക്കോസ് (പുതുപ്പള്ളി) തുടങ്ങിയ പലരും ഈ മാസികയോട് സഹകരിച്ചിരുന്നു. 1909-ൽ പാത്രിയർക്കീസിനു ലൗകികാധികാരം കൊടുക്കുന്നതിനെതിരെ ശക്തമായി പ്രതികരിച്ച ശ്രീ. എം. പി. വർക്കി തന്റെ നിലപാട് സുറിയാനി സഭയിൽ രേഖപ്പെടുത്തുന്നുണ്ട്. അത് ഇപ്രകാരമാണ്: "എന്റെ അഭിപ്രായത്തിൽ എപ്പിസ്കോപ്പൽ ഭരണം നമ്മുടെ സഭയിൽ നടപ്പാക്കുന്നത് അന്ത്യോഖ്യാ പാത്രിയർക്കീസിന് ലൗകികാധികാരം സമ്മതിച്ച് എഴുതിക്കൊടുക്കുന്നതിനേക്കാൾ അപകടമാണ്." ഇതിനോടു ചേർന്നുപോകുന്ന അഭിപ്രായങ്ങളാണ് മാസികയിൽ ഏതാണ്ട് പൂർണ്ണമായും കാണുന്നത്. എം. പി. വർക്കി തന്നെ വേറൊരിടത്ത് അഭിപ്രായപ്പെടുന്നത് "മലങ്കര അർക്കദെയാക്കോനെ (പിന്നീട് മെത്രാപ്പോലീത്തായെ) തിരഞ്ഞെടുക്കാനുള്ള അധികാരം മലങ്കരസഭയിലെ പള്ളിപ്രതിപുരുഷന്മാർക്ക് അഥവാ സുന്നഹദോസിനാണെന്നുള്ളതിന് സംശയമില്ലല്ലോ. ഈ സുന്നഹദോസിന് കൂട്ടം എന്നാണ് പണ്ടുമുതലേ പറഞ്ഞുവരുന്ന പേര്. ഓരോ ഇടവകയിൽ നിന്നും ഒരു പട്ടക്കാരനെയും രണ്ടു അയ്മേനികളെയും ഇടവകക്കാർ തിരഞ്ഞെടുത്ത് അയയ്ക്കുന്നു. ഈ പ്രതിപുരുഷന്മാരുടെ ഭൂരിപക്ഷപ്രകാരം മെത്രാപ്പോലീത്തായെ തിരഞ്ഞെടുക്കുന്നു. 'കോട്ടയത്തെ കൂട്ടം' എന്നുള്ള വാക്ക് എനിക്ക് ഓർമ്മവെച്ച കാലംമുതൽ കേട്ടുതുടങ്ങിയതാണ്." അദ്ദേഹം ഇത് അവസാനിപ്പിക്കുന്നത് റോമാസഭയിലോ ആംഗ്ലിക്കൻ സഭയിലോ ഈ സമ്പ്രദായം ഇല്ലെന്ന് സ്പഷ്ടമാണല്ലോ എന്നു പറഞ്ഞാണ്.

1920 മേടം-ഇടവം ലക്കം 'സുറിയാനി സഭ' മാസികയിൽ 'മലങ്കര സുറിയാനി സഭാ ഭരണനിയമ'ത്തിന്റെ കരടു ബില്ലു തന്നെ അവതരിപ്പിച്ചു. ജനാധിപത്യതത്വങ്ങളിൽ അടിസ്ഥാനമായ ആ രേഖ ഏറെക്കുറെ പൂർണ്ണമായും മെത്രാൻ കേന്ദ്രീകൃത ഭരണത്തെ എതിർത്തു. ഇടവകയോഗം, മാനേജിംഗ് കമ്മിറ്റി, കൈക്കാരൻ, സെക്രട്ടറി, മെത്രാസന ഇടവക, മലങ്കര ട്രസ്റ്റികൾ തുടങ്ങി പിന്നീട് ഭരണഘടനയുടെ ഭാഗമായ പല വകുപ്പുകളും നമുക്ക് ആ കരട് ബില്ലിൽ കാണാം. കരട് ബില്ലിനെക്കുറിച്ച് പൊതുജനങ്ങളിൽ നിന്ന് അഭിപ്രായവും ക്ഷണിച്ചു. അടുത്ത ലക്കത്തിൽ ബില്ലിനെ എതിർത്തും അനുകൂലിച്ചുമുള്ള അഭിപ്രായങ്ങളും പ്രസിദ്ധീകരിച്ചു. ആ അഭിപ്രായ പ്രകടനങ്ങളെക്കുറിച്ച് തന്നെ കുറെ പറയാനുണ്ടെങ്കിലും പൈലി മത്തായി പറയുന്ന ഒരു ആശയം മാത്രം പറയട്ടെ: "ലോകത്തിൽ എല്ലായിടത്തും എല്ലാവരും സ്വാതന്ത്ര്യത്തിനായി യത്നിക്കുന്ന ഒരു കാലമാണല്ലോ ഇത്. നമ്മുടെ സമുദായത്തിന്റെ ശ്രേയസ്സിൽ പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകളും ആകാംക്ഷയുള്ളവരും നമ്മെപ്പോലെതന്നെ പ്രവർത്തിക്കുന്നതിന് ത്രാണിയും നല്ല മനസ്സുള്ളവരുമാണ്. കരടുനിയമം രണ്ടാം അദ്ധ്യായം ഒന്നാം ഭാഗം അഞ്ചാം വകുപ്പും ഈ വകുപ്പും (ഒന്നാം) കൂടി വായിക്കുമ്പോൾ നമ്മുടെ സ്ത്രീകൾക്ക് സഭാഭരണത്തിൽ പ്രവേശനം നൽകുന്നില്ലായെന്ന് കാണുന്നു. ചുരുങ്ങിയപക്ഷം അവർക്ക് കമ്മിറ്റി മെമ്പർമാരെ തിരഞ്ഞെടുക്കുന്ന യോഗങ്ങളിൽ വോട്ടവകാശമെങ്കിലും തൽക്കാലം അനുവദിക്കേണ്ടതാണ്." സഭാഭരണഘടനയിൽ ഈ നിർദ്ദേശം വരാൻ എടുത്ത കാലാവധി 77 വർഷമാണ്. ഇപ്പോഴും സ്ത്രീകളുടെ പങ്കാളിത്തം ഇടവകഭരണത്തിൽ മാത്രമായി ഒതുങ്ങിപ്പോകുന്നു.

സുറിയാനി സഭാ മാസികയുടെ പ്രധാന ലക്ഷ്യം തന്നെ 'സഭയ്ക്കൊരു ഭരണഘടന' എന്നതായിരുന്നു. അതിനുള്ള ആശയസമാഹരണത്തിനുശേഷം ഏതാനും വർഷത്തിനുശേഷം പ്രവർത്തനം അവസാനിപ്പിച്ചു. പിന്നീട് 10 വർഷത്തിനുശേഷം ഔദ്യോഗികമായി ഭരണഘടനാ രൂപീകരണശ്രമങ്ങൾ നടന്ന സമയത്ത് മാസികയുടെ 5 പ്രവർത്തകർ രൂപീകരണ കമ്മിറ്റിയംഗങ്ങളായി നിയമിക്കപ്പെട്ടു.

സുറിയാനി സഭാ മാസികയുടെ പ്രവർത്തനങ്ങളോടും ഭരണഘടനാ നിർമ്മാണമെന്ന ആശയത്തോടും സഭാനേതൃത്വത്തിന് ആദ്യ ഘട്ടത്തിൽ താൽപര്യമില്ലായിരുന്നുവെങ്കിലും ഒരു 10 വർഷത്തിനുള്ളിൽ തന്നെ സാഹചര്യം മാറുന്നുണ്ട്. എന്നാൽ അത് എന്ന് എന്നതിൽ കൃത്യമായ ഒരു ഉത്തരവും കണ്ടെത്താൻ സാധിക്കുന്നില്ല. കാരണം ആ കാലഘട്ടത്തിലെ വട്ടശ്ശേരിൽ തിരുമേനിയുടെ ഡയറിക്കുറിപ്പുകൾ നമുക്ക് ലഭ്യമല്ല. അത് കൂടി ലഭ്യമായിരുന്നെങ്കിൽ ഒരുപക്ഷേ കൃത്യമായ തീയതി നമുക്ക് കിട്ടിയേനെ. പാറേട്ട് മാത്യൂസ് കത്തനാരുടെ 1104 മേടം 5-ലെ ഡയറിക്കുറിപ്പിൽ നിന്നു വ്യക്തമാകുന്നപ്രകാരം 1929-ൽ ഭരണഘടനാ നിർമ്മാണമെന്ന ആശയം സഭ അംഗീകരിച്ചിരുന്നു. അതിനായി എം.ഡി. സെമിനാരിയിൽ ഉടനെ ഒരു യോഗം ചേരുന്നുമുണ്ട്. യോഗം മേടം 11-ന് കൂടി ഒരു വിഷയനിർണ്ണയ സമിതിയെ തിരഞ്ഞെടുത്തു. പാറേട്ട് മാത്യൂസ് കത്തനാരുടെ ഡയറിക്കുറിപ്പിൽ കാണുന്നത്: "10 മണിയോടു കൂടി എം.ഡി. സെമിനാരിയിൽ യോഗം കൂടി. വിഷയനിർണ്ണയ കമ്മിറ്റിയെ നിയമിച്ചു പിരിഞ്ഞു. മാമ്മൻ മാപ്പിള, എ. എം. വർക്കി., സി. ഒ. ഉമ്മൻ, റ്റി. ജോസഫ് മുതലായ പത്തുനൂറ് പേരുണ്ടായിരുന്നു. പൂതക്കുഴി, കലയക്കാട്ടിൽ, എൻ. ജി. കുര്യാക്കോസ്, റ്റി. വി. ജോൺ എന്നീ വൈദികരും ഉണ്ടായിരുന്നു. ജോൺ വക്കീൽ അദ്ധ്യക്ഷത വഹിച്ചു. 12 നിശ്ചയങ്ങൾ ചെയ്തു. Faith & Order (വിശ്വാസം, ശിക്ഷണം) ഇവയിൽ മെത്രാന്മാരുടെ സുന്നഹദോസിന് പൂർണ്ണാധികാരം സമ്മതിച്ചു. മറ്റുള്ളതിന് പൊതുയോഗത്തിന് അധികാരമുണ്ടായിരിക്കണമെന്നാണ് ഭൂരിപക്ഷാഭിപ്രായം." വിഷയനിർണ്ണയ സമിതിയോഗം ചേർന്നെങ്കിലും പിന്നീടും തർക്കങ്ങൾ ഉണ്ടായി. 1930 സെപ്റ്റംബർ 4-നു ഭരണഘടന എഴുതാൻ ഒരു കമ്മിറ്റിയെ അസോസിയേഷൻ നിയമിച്ചു. ഒ. എം. ചെറിയാൻ കൺവീനറായ കമ്മിറ്റിയിലെ മറ്റു അംഗങ്ങൾ പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, പാറേട്ട് മാത്യൂസ് കത്തനാർ, ഫാ. റ്റി. വി. ജോൺ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, ഇ. ജെ. ജോൺ, കെ. സി. മാമ്മൻ മാപ്പിള, എ. എം. വർക്കി, സി. പി. തരകൻ, പത്രോസ് മത്തായി, റ്റി. ജോസഫ്, ജേക്കബ് കുര്യൻ, കെ. റ്റി. മാത്യു, പി. റ്റി. ഈപ്പൻ, ഇ. ജെ. ഫീലിപ്പോസ്, ഡോ. സി. റ്റി. ഈപ്പൻ എന്നിവരായിരുന്നു.

സമിതി പല തവണ യോഗം ചേർന്നു. 'സുറിയാനി സഭാ മാസിക'യുടെ അനുഭാവികളായ 5 പേർ കമ്മറ്റിയിൽ ഉണ്ടായിരുന്നു. അവർ തനിയെയും യോഗം ചേർന്നിരുന്നു. പണസംബന്ധമായ അധികാരം ആരിലായിരിക്കണം എന്നത് പലപ്പോഴും തർക്കവിഷയമായിരുന്നു. അത് ജനങ്ങൾക്കായിരിക്കണോ മെത്രാന്മാർക്കായിരിക്കണോ എന്ന തർക്കം ഉണ്ടായി. 1105 മിഥുനം 23, 26 തീയതികളിലെ പാറേട്ട് മാത്യൂസ് കത്തനാരുടെ ഡയറിക്കുറിപ്പുകളിൽ അത് വ്യക്തമാണ്. "കോട്ടയത്തു പോയി, അവിടെ വെച്ച് മി. ഒ. എം. ചെറിയാനുമായി കണ്ടു. സഭാകാര്യം മെത്രാച്ചനോട് പറയാൻ എന്നെ ഭരമേൽപ്പിച്ചു. പഴയസെമിനാരിയിൽ പോയി മെത്രാച്ചനുമായി സഭാകാര്യവും പള്ളിക്കൂട കാര്യവും സംസാരിച്ചു. പണസംബന്ധമായ കാര്യങ്ങളിൽ പരമാധികാരം ജനങ്ങൾക്ക് ഇരിക്കണമെന്നാണ് അവർ പറയുന്നത്. അത് മെത്രാച്ചന് തീരെ സമ്മതമല്ല." പിന്നീട് അദ്ദേഹം ഒ. എം. ചെറിയാനെയും കൂട്ടിക്കൊണ്ട് വട്ടശ്ശേരിൽ തിരുമേനിയെ കാണാൻ പോകുന്നുണ്ട്. അവിടെവച്ചും ഇതേ വിഷയം പ്രതിസന്ധി

യായി, ഒരു തീരുമാനത്തിലെത്താൻ സാധിക്കുന്നില്ല. ഇങ്ങനെ നിർമ്മാണ കമ്മിറ്റിയും വട്ടശ്ശേരിൽ തിരുമേനിയും ആശയപരമായി രണ്ട് തട്ടിലായി.

ഈ സമയത്ത് മറ്റ് പല പ്രതിസന്ധികളും സഭ നേരിട്ടു. പ്രതിസന്ധികൾ തെല്ലൊന്ന് ഒതുങ്ങിയ ഘട്ടത്തിൽ തന്റെ അഭിപ്രായങ്ങൾ വട്ടശ്ശേരിൽ തിരുമേനി, അന്ന് ശനിയാഴ്ചതോറും പ്രസിദ്ധീകരിച്ചിരുന്ന 'കേരളകേസരി' പത്രത്തിൽ 1932 ജൂലൈ 2 മുതൽ സെപ്റ്റംബർ 10 വരെയായി പ്രസിദ്ധീകരിച്ചു. ഈ സമയത്ത് തന്നെ പഴയ ജനാധിപത്യവാദികളുടേതായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഡ്രാഫ്റ്റ് എ. സി. പോളും (വടക്കൻപറവൂർ) കേരള കേസരിയിൽ പ്രസിദ്ധീകരിച്ചു. ജനാധിപത്യവാദികളായ 5 കമ്മിറ്റിയംഗങ്ങൾ ഒപ്പിട്ട ഒരു ഡ്രാഫ്റ്റ് ഭരണഘടനാ നിർമ്മാണ കമ്മിറ്റി അംഗങ്ങൾക്കും മാനേജിംഗ് കമ്മിറ്റിയംഗങ്ങൾക്കും അയച്ചുകൊടുക്കുകയും 'കേരളകേസരി' വഴി പൊതുജനശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തു. ഇതിനുശേഷം 1932 നവംബർ 30-ന് ഒ. എം. ചെറിയാന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി ഒരു നക്കൽ ഭരണഘടന അച്ചടിപ്പിച്ച് ഒരു കത്തോടു കൂടി സഭയിലെ പലർക്കും അയച്ചുകൊടുത്തു. മനോരമയിലും പ്രസിദ്ധീകരിച്ചു. ഈ നക്കൽ രേഖയുടെ പരിഷ്ക്കരിച്ച പതിപ്പാണ് 1934-ൽ പാസ്സാക്കിയത്.

വട്ടശ്ശേരിൽ തിരുമേനി കാലം ചെയ്യുന്നതിന് നാലു മാസം മുമ്പുള്ള പാറേട്ട് മാത്യൂസ് കത്തനാരുടെ ഡയറിക്കുറിപ്പിലാണ് ഭരണഘടനയുമായി ബന്ധപ്പെട്ട് അവസാന പരാമർശം ഉള്ളത്. "മെത്രാച്ചനു ക്ഷീണം കൂടുതലില്ല! ഒ. എം. ചെറിയാൻ വന്നിട്ടുണ്ടായിരുന്നു; ഭരണഘടനയെ സംബന്ധിച്ച് മെത്രാച്ചനുമായി കുറെസമയം സംസാരിച്ചു; യോജിക്കുന്ന മട്ടു കണ്ടില്ല."

വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തിരുമേനി 1934 ഫെബ്രുവരി 23-ന് കാലം ചെയ്തു. ആ വർഷം മാർച്ച് മാസത്തിൽ ഒരു അസോസിയേഷൻ കൂടുവാൻ ആദ്യം തീരുമാനിച്ചുവെങ്കിലും പിന്നീട് ഡിസംബറിലേക്ക് അത് മാറ്റി. 1934 ഡിസംബർ 26-ന് യോഗം കൂടി. അജണ്ടായിലെ അഞ്ചാമത്തെ വിഷയമായി യോഗം ഭരണഘടന പരിഗണിച്ചു. നവംബറിൽ മാനേജിംഗ് കമ്മിറ്റി പാസ്സാക്കിയ ബിൽ അസോസിയേഷൻ പാസ്സാക്കുന്നതിനു മുമ്പായി ഓരോ വകുപ്പുകളും പരിഗണിച്ച് ഭേദഗതികൾ തയ്യാറാക്കാൻ ഒരു സബ്ജക്ട് കമ്മിറ്റിയെ നിയമിച്ചു. 34 പേരുള്ള കമ്മിറ്റി പൂർണ്ണമായും അയ്മേനികളായിരുന്നു. ഉച്ചഭക്ഷണത്തിനുശേഷം കമ്മിറ്റി എ. എം. വർക്കിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ഭേദഗതികൾ നിർദ്ദേശിച്ചു. തുടർന്ന് ബില്ലും ഭേദഗതികളും അസോസിയേഷൻ പരിഗണിക്കുകയും ഭേദഗതികളോടെയുള്ള ഭരണഘടന അസോസിയേഷൻ പാസ്സാക്കുകയും ചെയ്തു. എപ്പിസ്ക്കോപ്പസിയും ജനാധിപത്യവും സമന്വയിച്ച 1934 സഭാ ഭരണഘടനയുടെ രൂപീകരണ ചരിത്രമിതാണ്.

ഭരണഘടനാ രൂപീകരണത്തിന്റെ 15 വർഷത്തെ ചരിത്രം ഒരു വലിയ പരിധിയിൽ അത്മായരുടെ പോരാട്ടത്തിന്റെ ചരിത്രമാണ്. ഭരണഘടനാ നിർമ്മാണമെന്ന ആശയം രൂപംകൊള്ളുന്നതു മുതൽ അതിന്റെ വികസനവും അതിന്റെ പൂർത്തീകരണം വരെ ആ പോരാട്ടം നമുക്ക് കാണാം. ആ പോരാട്ടങ്ങളെ മറന്നുപോകുന്നത് നന്ദികേടാണ്. പോരാട്ടത്തെ അതിന്റെ അർഹിക്കുന്ന പരിഗണനയിൽ കണ്ട, എതിർശബ്ദങ്ങൾക്കു വിലകൊടുത്ത നേതൃത്വത്തിന്റെ പക്വതയും വിലമതിക്കേണ്ടതാണ്. ആദ്യം പറഞ്ഞതുപോലെ, നിർമ്മാണ കമ്മിറ്റി അംഗങ്ങൾക്കപ്പുറമായി മുഖമില്ലാതെ ഈ പോരാട്ടത്തിൽ പങ്കെടുത്തവരുണ്ട്. സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങളുണ്ട് അങ്ങനെ പലരും. ഭരണഘടനാ രൂപീകരണം കൊണ്ട് അൽമായർ എല്ലാം നിർത്തിയില്ല 1951, 67 തുടങ്ങിയ വർഷങ്ങളിലെ സമഗ്രമായ ഭേദഗതികളിലൊക്കെയും പലരുടെയും കൈയൊപ്പ് പതിഞ്ഞിട്ടുണ്ട്. നിയമവിദഗ്ദ്ധരായ അവരിൽ പലരുടെയും സൂക്ഷ്മമായ പരിശോധനകളാണ് ഈ ഭരണഘടനയുടെ 9 പതിറ്റാണ്ടുകളുടെ നിലനിൽപ്പിന്റെ ഒരു പ്രധാന കാരണവും. അവരോരുത്തരുടെയും പ്രവർത്തനങ്ങൾ അനുസ്മരിച്ചുകൊണ്ട് ദീപ്തസ്മരണകൾക്കു പ്രണാമം അർപ്പിച്ചുകൊണ്ട് ചുരുക്കുന്നു.

തൈക്കാട് ഗവ.എൽപി സ്കൂളിലെ കുട്ടികൾക്ക് സഹായം കൈമാറി

തിരുവനന്തപുരം: നട്ടുനനച്ച് വളർത്തിയ പച്ചക്കറികൾ വിളവെടുപ്പിന് മുൻപ് മോഷണം പോയതിന്റെ സങ്കടത്തിലായിരുന്ന തൈക്കാട് മോഡൽ ഗവ. എൽ.പി. സ്കൂളിലെ കുട്ടികൾക്ക് ആശ്വാസവുമായി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ. കുഞ്ഞുങ്ങളുടെ സങ്കടത്തെക്കുറിച്ചുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ട പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ വാഗ്ദാനം ചെയ്തിരുന്ന സഹായം സ്കൂളിലെത്തി.

പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി ചുമതലപ്പെടുത്തിയതിനെ തുടർന്ന് മലങ്കര സഭയുടെ തിരുവനന്തപുരം സ്റ്റുഡന്റ്സ് സെന്റർ ഡയറക്ടർ ഫാ. സജി മേക്കാട്ട് സ്കൂളിൽ നേരിട്ടെത്തി 50,000 രൂപയുടെ ചെക്ക് കൈമാറി.

മോഷണശ്രമങ്ങൾ തടയുന്നതിനായി സ്ക്കൂളിൽ സിസിടിവി ക്യാമറ സ്ഥാപിക്കണമെന്നായിരുന്നു കുട്ടികളുടെ ആവശ്യം. ഈ ആവശ്യം നിറവേറ്റുന്നതിനോ, കൃഷി വിപുലപ്പെടുത്തുന്നതിനോ തുക ഉപയോഗിക്കാമെന്ന് സഭയുടെ പ്രതിനിധികൾ അധ്യാപകരെ അറിയിച്ചു. വിളവെടുക്കാറായ കോളിഫ്ളവർ മോഷണം പോയതിൽ സങ്കടപ്പെടരുതെന്നും ഊർജ്ജസ്വലരായി വീണ്ടും കൃഷി തുടരണം എന്നുമുള്ള പരിശുദ്ധ ബാവായുടെ സന്ദേശം കുട്ടികൾക്ക് കൈമാറി.

തങ്ങൾക്കുള്ള സമ്മാനം കൊടുത്തയച്ച തിരുമേനി അപ്പച്ചനെ നേരിൽ കാണാനുള്ള ആഗ്രഹം കുട്ടികൾ പങ്കുവെച്ചു.പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി തിരുവനന്തപുരത്തേക്ക് വരുമ്പോൾ തീർച്ചയായും കുട്ടികളെ കാണാനെത്തുമെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ ഉറപ്പ് നൽകിയിട്ടുണ്ടെന്ന കാര്യം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രതിനിധികൾ അറിയിച്ചു.

സ്കൂളിലെ തോട്ടത്തിൽ മാസങ്ങളായി കുട്ടികൾ പരിപാലിച്ചുപോന്ന കോളിഫ്ളവർ വിളവെത്താറായപ്പോഴാണ് കഴിഞ്ഞ ദിവസം മോഷണം പോയത്. നേരത്തെ വിഷയം ചൂണ്ടിക്കാട്ടി കുട്ടികൾ വിദ്യാഭ്യാസമന്ത്രിക്കെഴുതിയ കത്ത് വൈറലായിരുന്നു. ഇതിന് പിന്നാലെയാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഇടപെടൽ.



ലോത്തിന്റെ ഭാര്യ



സിസ്റ്റർ മേരി OSM
(ബേത്ലഹേം ദയറ കിഴക്കമ്പലം)

ഉല്പത്തി 19:15-26-ൽ പരാമർശിച്ചിരിക്കുന്ന ലോത്തിന്റെ ഭാര്യ ബൈബിളിലെ ഒരു കേന്ദ്ര കഥാപാത്രമല്ലെങ്കിലും, അവളുടെ പരിവർത്തനത്തെയും തുടർന്നുള്ള ശിക്ഷയെയും കുറിച്ചുള്ള ഹ്രസ്വ വിവരണം അനുസരണം, വിശ്വാസം, ഭൂതകാലത്തോടുള്ള അടുപ്പത്തിന്റെ അപകടങ്ങൾ എന്നിവയെക്കുറിച്ചുള്ള സുപ്രധാന പാഠങ്ങൾ നൽകുന്നു.

1. ജിജ്ഞാസുവായ സ്ത്രീ

ഉല്പത്തി 19:26-ൽ എടുത്തുകാണിച്ചിരിക്കുന്നതുപോലെ ലോത്തിന്റെ ഭാര്യയുടെ ഏറ്റവും നിർണായകമായ സ്വഭാവം അവളുടെ ജിജ്ഞാസയും അനുസരണക്കേടുമാണ്. സോദോം നഗരത്തിൽ നിന്ന് ഓടിപ്പോകാൻ ദൂതന്മാർ ലോത്തിനും കുടുംബത്തിനും മുന്നറിയിപ്പ് നൽകുന്നതുപോലെ, തിരിഞ്ഞുനോക്കരുതെന്ന് അവരോട് വ്യക്തമായി പറഞ്ഞിട്ടുണ്ട്. 'പിന്നോട്ട് നോക്കരുത്. അല്ലെങ്കിൽ സമതലത്തിലെവിടെയും നിൽക്കരുത്. മലകളിലേക്ക് ഓടിപ്പോകുക, അല്ലെങ്കിൽ നിങ്ങൾ ഒഴുകിപ്പോകും' (ഉല്പത്തി 19:17). എന്ന്, ദൂതന്മാരുടെ വ്യക്തമായ കൽപ്പന ഉണ്ടായിരുന്നിട്ടും, അവർ രക്ഷപ്പെടുമ്പോൾ ലോത്തിന്റെ ഭാര്യ തിരിഞ്ഞുനോക്കുന്നു, അതിന്റെ ഫലമായി അവൾ ഒരു ഉപ്പുതൂണായി മാറുന്നു.

തിരിഞ്ഞുനോക്കൽ വെറും ഒരു നോട്ടം എന്നതിനേക്കാൾ കൂടുതലായി അതൊരു പ്രതീകമാണ്. സോദോമിനെയും അതിന്റെ പാപകരമായ സുഖങ്ങളെയും പൂർണ്ണമായും ഉപേക്ഷിക്കാനുള്ള അവളുടെ വിമുഖതയെ ഇത് പ്രതിഫലിപ്പിക്കുന്നു. ബൈബിളിൽ, സോദോം പാപത്തെയും അധാർമികതയെയും ദൈവത്തിനെതിരായ മത്സരത്തെയും പ്രതിനിധീകരിക്കുന്നു. ലോത്തിന്റെ ഭാര്യയുടെ തിരിഞ്ഞുനോക്കൽ സോദോം വാഗ്ദാനം ചെയ്ത ഭൗതികത, സുഖസൗകര്യങ്ങൾ, ജീവിതശൈലി എന്നിവയോടുള്ള അവളുടെ അടുപ്പത്തെ സൂചിപ്പിക്കാം, അത് ഉപേക്ഷിക്കാൻ അവൾ മടിച്ചിരുന്നു. അവളുടെ ജിജ്ഞാസ ദൈവത്തോടുള്ള പൂർണ്ണമായ വിശ്വാസമില്ലായ്മയായി കണക്കാക്കാം.

2. ഭൂതകാല ബന്ധം വിച്ഛേദിക്കാൻ തയ്യാറാകാത്തവൾ

ഭൂതകാലവുമായുള്ള ബന്ധം വിച്ഛേദിക്കാൻ തയ്യാറാകാത്ത ഒരാളായാണ് ലോത്തിന്റെ ഭാര്യ കാണപ്പെടുന്നത്. ദുഷ്ടത കാരണം തീയും ഗന്ധകവും കൊണ്ട് നശിപ്പിക്കപ്പെട്ട സോദോം വിട്ടുപോകാനുള്ള അവളുടെ മടി, മുൻകാല പാപങ്ങളിലും ബന്ധങ്ങളിലും മുറുകെ പിടിക്കാനുള്ള മനുഷ്യ പ്രവണതയെ സൂചിപ്പിക്കുന്നു. രക്ഷയ്ക്ക് ആവശ്യമായ അനുസരണത്തിനും പരിചിതവും എന്നാൽ പാപപൂർണവുമായ ചുറ്റുപാടുകളുടെ ആശ്വാസത്തിനും ഇടയിൽ അവൾ കുടുങ്ങിക്കിടക്കുന്നു.

ജനം ദൈവത്തിന്റെ മാർഗനിർദേശം പൂർണ്ണമായി സ്വീകരിക്കാതിരിക്കുകയും അവർ ഉപേക്ഷിക്കേണ്ടിയിരുന്ന ലോകത്തെ തിരിഞ്ഞുനോക്കുകയും ചെയ്യുമ്പോൾ സംഭവിക്കുന്ന ആത്മീയ മരണത്തിന്റെ ഒരു പ്രതീകമായി ഉപ്പ് തൂണായ ലോത്തിന്റെ ഭാര്യയെ കണക്കാക്കാം. ദൈവത്തിന്റെ മുന്നറിയിപ്പുകൾ ശ്രദ്ധിക്കാത്തവർക്കും, ഭൂതകാലവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നവർക്കും, ആത്മീയ മരണത്തിന് സാധ്യതയുണ്ടെന്നതിന്റെ വ്യക്തമായ ഓർമ്മപ്പെടുത്തലാണ് അവളുടെ ശിക്ഷ. ലോത്തിന്റെ ഭാര്യ വൈകാരികമായോ ആത്മീയമായോ ഭൂതകാലവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നതിന്റെ അപകടങ്ങളെ പ്രതിനിധീകരിക്കുന്നു, ദൈവത്തിന്റെ വാഗ്ദാനത്തിലേക്കുള്ള പുരോഗതിയും ഒരാളുടെ ഭാവി പദ്ധതിയും അത് തടയുന്നു.

3. അനുസരണക്കേടിന്റെ അനന്തരഫലം

ദൈവത്തിന്റെ കൽപ്പനകൾ അനുസരിക്കാത്തതിന്റെ അനന്തരഫലങ്ങളുടെ ഒരു ദാരുണമായ ഉദാഹരണമായി ലോത്തിന്റെ ഭാര്യ പ്രവർത്തിക്കുന്നു. ലോത്തും പെൺമക്കളും ദൂതന്മാരുടെ നിർദ്ദേശങ്ങൾ അനുസരിച്ചെങ്കിലും, ദൈവിക നിർദ്ദേശം പാലിക്കുന്നതിൽ ലോത്തിന്റെ ഭാര്യ പരാജയപ്പെട്ടത് അവളുടെ മാറ്റാനാവാത്ത വിധിയിലേക്ക് നയിച്ചു. തിരിഞ്ഞുനോക്കിയപ്പോൾ അവളുടെ കൃത്യമായ ചിന്താ പ്രക്രിയയെ ബൈബിൾ വിശദീകരിക്കുന്നില്ല, പക്ഷേ അവളുടെ പ്രവൃത്തി ശാരീരികം മാത്രമല്ല, ആത്മീയവും ആയിരുന്നുവെന്ന് അത് വ്യക്തമാക്കുന്നു. ദൈവത്തിന്റെ കൽപ്പനകൾ ഭാഗികമായി അനുസരിക്കുകയോ തിരഞ്ഞെടുത്ത് പിന്തുടരുകയോ ചെയ്യുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്ന് ആ വിവരണം എടുത്തുകാണിക്കുന്നു.

അവളുടെ അനുസരണക്കേട് ഒരു പ്രധാന ബൈബിൾ സത്യത്തെ എടുത്തുകാണിക്കുന്നു. ദൈവം തന്റെ നിർദ്ദേശങ്ങളിൽ പ്രത്യേകിച്ച് ദൈവത്തിന്റെ നിർദ്ദേശങ്ങൾ ജീവിതത്തെയും മരണത്തെയും സംബന്ധിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ടതാണെങ്കിൽ അതിൽ നിന്ന് വ്യതിചലിക്കാൻ അവൻ അനുവദിക്കുന്നില്ല. ദൈവം പൂർണ്ണ വിശ്വാസം പ്രതീക്ഷിക്കുന്നുവെന്നും, അവന്റെ ഇഷ്ടത്തിന്റെ കാര്യത്തിൽ ഊഹാപോഹത്തിനോ വിട്ടുവീഴ്ചയ്ക്കോ ഇടമില്ലെന്നും ലോത്തിന്റെ ഭാര്യയുടെ വിധി ഓർമ്മിപ്പിക്കുന്നു. , പൂർണ്ണമായ ധിക്കാരം പോലെ തന്നെ ദോഷകരമാണ് ഭാഗികമായ അനുസരണം എന്ന് അവളിലൂടെ ബൈബിൾ പഠിപ്പിക്കുന്നു.

4. വിശ്വാസക്കുറവ്

ലോത്തിന്റെ ഭാര്യയുടെ മറ്റൊരു പ്രധാന സ്വഭാവം അവളുടെ വിശ്വാസക്കുറവാണ്. ദൈവം അവളുടെ കുടുംബത്തിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു, അവർ ഒരു മടിയും കൂടാതെ ഓടിപ്പോയാൽ സൊദോമിലെ ന്യായവിധിയിൽ നിന്ന് അവരെ രക്ഷിക്കുമെന്ന് വാഗ്ദാനം ചെയ്തു. എന്നിരുന്നാലും, തിരിഞ്ഞുനോക്കുന്ന അവളുടെ പ്രവൃത്തി അവളുടെ ഭാവിയെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയിൽ പൂർണ്ണമായ വിശ്വാസമില്ലായ്മയെ സൂചിപ്പിക്കുന്നു. വിശ്വാസം ബൈബിളിലെ ഒരു പ്രധാന വിഷയമാണ്, ലോത്തിന്റെ ഭാര്യ ദൈവവചനത്തിൽ യഥാർത്ഥ വിശ്വാസം പ്രകടിപ്പിക്കുന്നില്ല.

പുതിയ നിയമത്തിൽ, ലൂക്കോസ് 17:32-ൽ യേശു ലോത്തിന്റെ ഭാര്യയെ പരാമർശിക്കുന്നു, 'ലോത്തിന്റെ ഭാര്യയെ ഓർക്കുക' എന്ന് പറയുന്നു. ഈ പ്രസ്താവന തന്റെ ശിഷ്യന്മാർക്ക് ഒരു മുന്നറിയിപ്പാണ്. മുൻകാല പാപങ്ങളോ ലൗകിക ബന്ധങ്ങളോ തിരിഞ്ഞുനോക്കാതെ ദൈവത്തോട് വിശ്വസ്തത പുലർത്താൻ യേശു അവരെ പ്രേരിപ്പിക്കുന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസവും വിശ്വാസവും ഉണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യം ഇവിടെ ഊന്നിപ്പറയുന്നു. ലോത്തിന്റെ ഭാര്യ ദൈവത്തിന്റെ നിർദ്ദേശങ്ങളിൽ പൂർണ്ണമായി വിശ്വസിച്ചിരുന്നെങ്കിൽ, അവൾ തിരിഞ്ഞുനോക്കുമായിരുന്നില്ല. ജീവിതത്തിലെ പരീക്ഷണങ്ങൾക്കും അനിശ്ചിതത്വങ്ങൾക്കും നടുവിൽ അചഞ്ചലമായ വിശ്വാസത്തിന്റെ ആവശ്യകതയെക്കുറിച്ച് എല്ലാ വിശ്വാസികൾക്കുമുള്ള ശക്തമായ ഒരു പാഠമാണ് ദൈവത്തിൽ ആശ്രയിക്കുന്നതിൽ അവൾ പരാജയപ്പെട്ടത്.

5. വൈകാരിക പോരാട്ടത്തിന്റെ പ്രതീകം

മാനസികവും വൈകാരികവുമായ വീക്ഷണകോണിൽ നിന്ന് ലോത്തിന്റെ ഭാര്യയെ നോക്കുമ്പോൾ, പരിചിതമായ വൈകാരികമോ ആത്മീയമോ ആയ എന്തെങ്കിലും ഉപേക്ഷിക്കാൻ ആവശ്യപ്പെടുമ്പോൾ, പലരും നേരിടുന്ന ആന്തരിക പോരാട്ടത്തിന്റെ പ്രതീകമായി കാണാൻ കഴിയും. അവളുടെ വീടിനോടും സ്വത്തുക്കളോടും സോദോമിലെ ജീവിതത്തോടുമുള്ള അവളുടെ അടുപ്പം ശക്തമായ ഒരു ആന്തരിക സംഘർഷം സൃഷ്ടിച്ചുവെന്ന് നമുക്ക് സങ്കൽപ്പിക്കാൻ കഴിയും. എല്ലാം ഉപേക്ഷിക്കാൻ ആവശ്യപ്പെടുന്നതിന്റെ വൈകാരിക ഭാരം അമിതമായിരിക്കണം, തിരിഞ്ഞുനോക്കാനുള്ള ആഗ്രഹം ആ ആന്തരിക പ്രക്ഷുബ്ധതയുടെ പ്രകടനമായിരിക്കാം.

പലപ്പോഴും വ്യക്തികൾ ഭൂതകാലത്തെ ഉപേക്ഷിക്കാൻ വിസമ്മതിക്കുകയും അവരുടെ ജീവിതത്തിനായുള്ള ദൈവത്തിന്റെ പദ്ധതിയിൽ പൂർണ്ണമായി വിശ്വസിക്കാതിരിക്കുകയും ചെയ്യുമ്പോൾ സംഭവിക്കുന്ന വൈകാരികവും ആത്മീയവുമായ ആഘാതത്തിന്റെ പ്രതീകമാണ്, അവൾ ഉപ്പുതൂണായി രൂപാന്തരപ്പെടുന്നത്. ലൗകിക കാര്യങ്ങളിൽ ഒരാൾ അമിതമായി പറ്റിനിൽക്കുമ്പോൾ ഉണ്ടാകുന്ന ഹൃദയകാഠിന്യത്തെയും ഉപ്പ് പ്രതിനിധീകരിക്കുന്നു, അവ ഒടുവിൽ ദൈവത്തിന്റെ വാഗ്ദാനങ്ങൾ പോലെ നിലനിൽക്കുന്നതോ വിലപ്പെട്ടതോ അല്ല.

6. ഭാവി തലമുറകൾക്കുള്ള മുന്നറിയിപ്പ്

ലോത്തിന്റെ ഭാര്യയെ പലപ്പോഴും ഒരു മുന്നറിയിപ്പ് കഥാപാത്രമായിട്ടാണ് കാണുന്നത്, പ്രത്യേകിച്ച് ബൈബിൾ വ്യാഖ്യാനങ്ങളിലും പഠിപ്പിക്കലുകളിലും. ലൗകിക കാര്യങ്ങളോടുള്ള ആസക്തിയുടെ അപകടങ്ങളെക്കുറിച്ചും, ദൈവത്തോടുള്ള പൂർണ്ണമായ അനുസരണത്തിന്റെ ആവശ്യകതയെക്കുറിച്ചും, ദൈവത്തിന്റെ പദ്ധതികൾ, ബുദ്ധിമുട്ടുള്ളതോ ഭയപ്പെടുത്തുന്നതോ ആണെന്ന് തോന്നുമ്പോൾ പോലും, അവയിൽ വിശ്വസിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഭാവി തലമുറകൾക്ക് ഒരു മുന്നറിയിപ്പായി അവളുടെ കഥ നിലനിൽക്കുന്നു. ദൈവിക കൽപ്പന അനുസരിക്കുന്നതിൽ അവൾ പരാജയപ്പെട്ടതും, ഭൂതകാലത്തോട് പറ്റിനിൽക്കാനുള്ള അവളുടെ ആഗ്രഹവും, അവളുടെ അന്തിമ ശിക്ഷയും, ആത്മീയ ശ്രദ്ധയുടെയും പ്രതിബദ്ധതയുടെയും പ്രാധാന്യത്തെക്കുറിച്ച് നമ്മെ ബോധ്യപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ്.

മത്തായി 6:24-ൽ, 'രണ്ട് യജമാനന്മാരെ സേവിക്കാൻ ആർക്കും കഴിയില്ല' എന്ന് യേശു പഠിപ്പിക്കുന്നു, ഒരു വ്യക്തിക്ക് അവരുടെ വിശ്വസ്തതയെ ദൈവത്തിനും ലൗകിക സ്വത്തുക്കൾക്കും ഇടയിൽ വിഭജിക്കാൻ കഴിയില്ലെന്ന് ഊന്നിപ്പറയുന്നു. ലോത്തിന്റെ ഭാര്യയുടെ തിരിഞ്ഞുനോക്കൽ ഈ തത്വത്തെ വ്യക്തമായി ചിത്രീകരിക്കുന്നു. ദൈവഹിതവും അവരുടെ മുൻകാല ആസക്തിയും മുറുകെ പിടിക്കാൻ ശ്രമിക്കുന്നവർ സംഘർഷത്തിലും അപകടത്തിലും അകപ്പെടുമെന്നതിന്റെ വ്യക്തമായ മുന്നറിയിപ്പായി ഇത് മനസിലാക്കാം.

ബൈബിളിൽ ചുരുക്കമായി മാത്രമേ പരാമർശിച്ചിട്ടുള്ളുവെങ്കിലും, വിശ്വാസയാത്രയിൽ ഒരു ശക്തയായ വ്യക്തിയായി ലോത്തിന്റെ ഭാര്യ നിലകൊള്ളുന്നു. ഭൂതകാലത്തോടുള്ള ആസക്തിയുടെ അപകടങ്ങളെക്കുറിച്ചും, ദൈവത്തിന്റെ കൽപ്പനകൾ അനുസരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും, വിശ്വാസമില്ലായ്മയുടെ അനന്തരഫലങ്ങളെക്കുറിച്ചും ആഴത്തിലുള്ള പാഠങ്ങൾ അവളുടെ കഥ നൽകുന്നു. ആത്മീയ അനുസരണക്കേടിന്റെ പ്രതീകമെന്ന നിലയിൽ, ലോത്തിന്റെ ഭാര്യ ദൈവത്തോടുള്ള ഏകാഗ്രമായ ഭക്തിയുടെ ആവശ്യകതയെക്കുറിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്നു. ഭൂതകാലത്തിലേക്ക് തിരിഞ്ഞുനോക്കാതെ, ഭാവിയിലും ദൈവത്തിൽ ആശ്രയിക്കുന്നവർക്കായി ദൈവം നൽകുന്ന വാഗ്ദാനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ലോത്തിന്റെ ഭാര്യ നമ്മെ പഠിപ്പിക്കുന്നു.

ഉപ്പുതൂണായ അവളുടെ ദാരുണമായ വിധി - ഒരു വലിയ, ശാശ്വത വാഗ്ദാനത്തിനായി ലോകത്തോടുള്ള എല്ലാ ബന്ധങ്ങളും ഉപേക്ഷിച്ച് പൂർണ്ണമായ സമർപ്പണ ജീവിതം നയിക്കുന്നതിനുള്ള ഒരു മുന്നറിയിപ്പും ഓർമ്മപ്പെടുത്തലുമാണ്.



എറണാകുളത്ത് മലങ്കരസഭ ആരംഭിക്കുന്ന പബ്ലിക് റിലേഷൻ സെന്ററിന്റെ ചുമതലക്കാരനായി ഫാ. സൈമൺ ജോസഫിനെ പ. കാതോലിക്കാ ബാവാ നിയമിച്ചു.



കോട്ടയം ഭദ്രാസന ദിവ്യബോധനം 2025-26 വർഷത്തെ പ്രവർത്തനോദ്ഘാടനവും സെമിനാറും പാമ്പാടി ദയറായിൽ വെച്ച് നടത്തപ്പെട്ടു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് ഉദ്ഘാടനം ചെയ്തു. ദിവ്യബോധനം കേന്ദ്ര രജിസ്ട്രാർ ഫാ. മാത്യൂസ് ജോൺ, ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. മാത്യു വർഗ്ഗീസ് (മോൻസി), ഭദ്രാസന ഡയറക്ടർ ഫിലിപ്പ് സി. എം. എന്നിവർ പ്രസംഗിച്ചു. മുൻ ഡയറക്ടർ ജേക്കബ് വർഗ്ഗീസിനെ അനുമോദിച്ചു.



ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ റൂബി ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ക്രമീകരിക്കുന്ന വിവിധ ജീവകാരുണ്യ പദ്ധതികളുടെയും, ഭദ്രാസന വികസന പ്രവർത്തനങ്ങളുടെയും ധനശേഖരണാർത്ഥം നടത്തപ്പെടുന്ന ചെങ്ങന്നൂർ ഭദ്രാസന ഫെസ്റ്റിന്റെ കാൽനാട്ടുകർമ്മം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ തിമോത്തിയോസ് നിർവഹിച്ചു.

വചനതീർത്ഥം



സകല വിശുദ്ധ പിതാക്കന്മാരുടെയും മൽപാന്മാരുടെയും ഓർമ്മ

(മൂന്നു നോമ്പിലെ പേത്തുർത്താ ഞായർ)

വി. ലൂക്കോസ് 6:20–32

ഫാ. മോൻസി ഫിലിപ്പ്

സകല വിശുദ്ധ പിതാക്കന്മാരേയും മൽപാന്മാരേയും ഓർക്കുന്ന ഞായർ. നിനുവ നോമ്പിന്റെ പേത്തുർത്താ ഞായർ എന്നിങ്ങനെയുള്ള പ്രത്യേക ദിനം. "നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊള്ളുവിൻ. അവരുടെ ജീവാവസാനം ഓർത്തു അവരുടെ വിശ്വാസം അനുകരിപ്പിൻ." (എബ്രായർ 13:7).

ഇന്നത്തെ വേദഭാഗം: വി. ലൂക്കോസ് 6:20–32

"യേശുതമ്പുരാന്റെ താഴ്‌വാര പ്രസംഗം." ശിഷ്യന്മാരെ തിരഞ്ഞെടുത്തതിനുശേഷം അവരോടുള്ള പ്രബോധനം. യേശുതമ്പുരാൻ സമതലത്തിൽ വന്നു നിന്നു നടത്തുന്ന പ്രസംഗം. (വി. ലൂക്കോസ് 6:17). ഇവിടെ വാക്കുകൾക്ക് വ്യത്യാസം ഉണ്ടെങ്കിലും, വി. മത്തായി എഴുതിയ സുവിശേഷത്തിൽ "ഗിരിപ്രഭാഷണ"ത്തിലെ സത്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ സത്യങ്ങൾ യേശുതമ്പുരാൻ മറ്റു സ്ഥലങ്ങളിലും പഠിപ്പിച്ചതായി കാണുന്നു. യേശുതമ്പുരാൻ ഒരേ സത്യങ്ങൾ ഒന്നിലധികം തവണ പഠിപ്പിക്കുകയും ചെയ്തു. ഒന്നിലധികം സ്ഥലങ്ങളിൽ പഠിപ്പിക്കുകയും ചെയ്തു. ഉദാ:

1. പ്രാർത്ഥനയെക്കുറിച്ച് – വി. ലൂക്കോ. 11: 1–4, വി. മത്തായി 6: 9–13
2. യാചിക്കുക, അന്വേഷിക്കുക, മുട്ടുക – വി. മത്തായി 7:7–12, വി. ലൂക്കോസ് 11:9–13
3. ആകുലപ്പെടരുത് – വി. മത്തായി 6:25–33, വി. ലൂക്കോസ് 12:22–31

അങ്ങനെ അനവധി സത്യങ്ങൾ.

വേദഭാഗ ഇതിവൃത്തം എന്നത്,

1. വി. ലൂക്കോസ് 6:20–23 വരെ സൗഭാഗ്യാവസ്ഥയെക്കുറിച്ചുള്ള പ്രബോധനം.

2. വി. ലൂക്കോസ് 6:24–26 വരെ ക്രിസ്തുവിനുവേണ്ടി ഒന്നും ത്യജിക്കുവാൻ തയ്യാറാകാത്തവർക്കും, ദൈവത്തിൽ നിന്നും ഉള്ള പുകഴ്ചയെക്കാൾ, മനുഷ്യരിൽ നിന്നുമുള്ള പുകഴ്ച ഇഷ്ടപ്പെടുന്നവർക്കും ഉണ്ടാകുന്ന നഷ്ടം, വേദന, കഷ്ടത എന്നിവയെക്കുറിച്ചുള്ള പ്രബോധനം.

3. വി. ലൂക്കോസ് 6:27–32 – ശത്രുവിനെ സ്നേഹിക്കുന്നതിനും, എങ്ങനെ സ്നേഹിക്കണം എന്നതിനെക്കുറിച്ചുമുള്ള പ്രബോധനം.

വേദഭാഗ ചിന്തകൾ

1. സൗഭാഗ്യാവസ്ഥയെക്കുറിച്ച് ക്രിസ്തുവിന്റെ ചിത്രീകരണം

വി. ലൂക്കോസ് 6:20–23

വി. ലൂക്കോസ് ഏവൻഗേല്യോസ്ഥൻ ഇവിടെ നാല് ഭാഗ്യാവസ്ഥകളെക്കുറിച്ച് പ്രബോധനം നടത്തുന്നു. എന്നാൽ വി. മത്തായി ശ്ലീഹായുടെ സുവിശേഷത്തിൽ എട്ട് ഭാഗ്യാവസ്ഥകളെക്കുറിച്ച് ദർശിക്കാം. (വി. മത്തായി 5:3–12). ഇവിടെപ്രതിപാദിക്കുന്നത് വ്യത്യസ്തമായ രീതിയിലാണ്.

1. തിരഞ്ഞെടുക്കപ്പെട്ടവർ – നിങ്ങൾ ദരിദ്രരാണെങ്കിലും സ്വർഗ്ഗാരാജ്യ അവകാശികൾ.

2. തലചായ്ക്കാനിടമില്ലാത്ത, എന്നോടുകൂടെ വിശന്നും ക്ലേശിച്ചും ഇരിക്കുന്നവർ പൂർണ്ണ സംതൃപ്തരാകും.

3. താൽക്കാലിക പരിതസ്ഥിതികൾ ഖേദഃകരമെങ്കിലും നിങ്ങൾ സന്തുഷ്ടരാകും.

4. പ്രതികൂല പരിതസ്ഥിതികൾ വരും; ഖേദകരമായ അനുഭവങ്ങൾ നിങ്ങൾക്കുണ്ടാകും, എന്റെ നാമത്തെപ്രതി, അത് നിരാശയ്ക്കല്ല. മഹാ വലിയ പ്രത്യാശയ്ക്കുള്ള അനുഭവങ്ങളത്രെ. കാരണം ഓരോ പീഢനവും അത്രയേറെ പ്രതിഫലം നിങ്ങൾക്കായി വർദ്ധിപ്പിക്കുകയാണെന്ന് ചിന്തിക്കണം.

ക്രിസ്തു വിഭാവനം ചെയ്യുന്ന ഭാഗ്യാവസ്ഥ. ഇസ്രായേൽ ചരിത്രത്തിൽ ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ഉടമ്പടിയുടെ അനുഗ്രഹമാണ്.

'ഭാഗ്യവാൻ' എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദം 'മക്കാറിയോസ്' (Makapios) എന്നാണ്. ഇതിന്റെ അർത്ഥം "സന്തുഷ്ടൻ, ഭാഗ്യവാൻ, അനുഗ്രഹീതൻ" എന്നൊക്കെയാണ്. "മക്കാറിയോസ്" എന്ന വാക്കിന് ഹീബ്രൂ ശബ്ദമായ 'ബറൂഖ്' എന്ന് വിവർത്തനമായി ഉപയോഗിക്കുന്നു. ഈ വാക്കിന്റെ അർത്ഥം ആരാധനയുടെയും, ബലിയർപ്പണത്തിന്റെയും അവസാനം യഹൂദ പുരോഹിതൻ വിശ്വസിക്കുന്നവർക്കു നൽകുന്ന അനുഗ്രഹം എന്നാണ്. ദൈവത്തിൽ നിന്നുള്ള അനുഗ്രഹം. വി. ലൂക്കോസിന്റെ സുവിശേഷത്തിൽ ഭാഗ്യാവസ്ഥ

1. ദരിദ്രർക്ക് – ദൈവരാജ്യം.
2. വിശക്കുന്നവർക്ക് – തൃപ്തി
3. കരയുന്നവർക്ക് – ചിരി
4. പീഢിക്കപ്പെടുന്നവർക്ക് (ക്രിസ്തു നിമിത്തം) – പ്രതിഫലം സ്വർഗ്ഗത്തിൽ.

ജീവിതഭാരത്താൽ കുനിഞ്ഞു പോകുന്നവരും, ഹൃദയം തകർന്നവരും, അന്യായമായി തടവിലാക്കപ്പെട്ടിരിക്കുന്നവർ (എശയ്യ 61:1), ദുരുപയോഗിക്കപ്പെട്ടവർ (ഏശയ്യ 49:13), ഭക്ഷണവും ദാഹജലവും കിട്ടാതെ വലയുന്ന ദരിദ്രർ (ഏശയ്യ 41:17), ദൈവത്താൽ പീഡിപ്പിക്കപ്പെട്ടവരും, മുറിവേൽപ്പിക്കപ്പെട്ടവരും. (ഏശയ്യ 53:4), പാർപ്പിടമോ, വസ്ത്രമോ നിഷേധിക്കപ്പെട്ട അനാഥരും വിധവകളും. ഇതൊക്കെ നാം സാധാരണ ഉപയോഗിക്കുന്ന "ദൗർഭാഗ്യവാനായ മനുഷ്യൻ' എന്നതിന്റെ ചില ഉദാഹരണങ്ങളാണ്.

മാന്യമായ ജീവിത സൗകര്യമോ, ഭക്ഷണമോ, വസ്ത്രമോ, മരുന്നോ നൽകാൻ നിഷേധിക്കപ്പെട്ടിരിക്കുന്ന മനുഷ്യരാണിവർ. ഇത്തരം മനുഷ്യർക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന അനുഗ്രഹം മിശിഹാ പ്രദാനം ചെയ്യുന്നു. ദൈവത്തിലുള്ള ഇവരുടെ പൂർണ്ണ ആശ്രയവും ഫലം പുറപ്പെടുവിക്കാൻ തുടങ്ങിയിരിക്കുന്നു. ദൈവം ഇവർക്കായി രാജ്യം സ്ഥാപിച്ചിരിക്കുന്നു. തുല്യതയുടെ സമൂഹത്തിനു വേണ്ടിയുള്ള പോരാട്ടമാണ് ഭാഗ്യകരമായ അവസ്ഥ. ആനന്ദം അടങ്ങിയിരിക്കുന്നത് നീതിക്കായുള്ള പോരാട്ടത്തിലാണ്.

ദരിദ്രന്റെയും, വിശപ്പ് അനുഭവിക്കുന്നവന്റെയും കരയുന്നവന്റെയും അടിച്ചമർത്തപ്പെടുന്നവന്റെയും കൂടെ നിൽക്കുന്ന ദൈവത്തെയാണ് യേശുതമ്പുരാൻ വെളിപ്പെടുത്തുന്നത്. അവരുടെ അവകാശമാണ് ദൈവത്തിന്റെ ഭരണം.

(2) ക്രിസ്തുവിനെ ത്യജിച്ച് ലൗകികത തേടുന്നവർക്കുള്ള പ്രബോധനം

വി. ലൂക്കോസ് – 6:24–26

ക്രിസ്തുവിനെ ത്യജിച്ച് ലോകവും, അതിന്റെ സുഖവും പുകഴ്ചയും തേടുന്നവർക്ക് അയ്യോ കഷ്ടം.

ധനികർക്ക് കഷ്ടം

ലോകപ്രകാരം ധനമുള്ള എല്ലാവരേയും അല്ല മറിച്ച് ദൈവത്തിൽ ആശ്രയിക്കാതെ "ധനത്തിൽ മാത്രം ആശ്രയിച്ച്" കളപ്പുരയുടെ വലുതായി പണിഞ്ഞ ആ മൂഢനെപ്പോലെയുള്ളവർക്ക് കഷ്ടം. ധനവാൻ ലാസർ സംഭവത്തിൽ എന്ന പ്രകാരം, മറ്റാർക്കും നൽകാതെ സ്വാർത്ഥാഭിലാഷങ്ങൾക്ക് വേണ്ടി ചെലവഴിക്കുന്നവർ.

ചിരിക്കുന്നവർക്കും, സംതൃപ്തർക്കും കഷ്ടം

ദൈവത്തെ കൂടാതെ ഇപ്രകാരം പ്രവർത്തിക്കുന്നവർ, ക്ഷണികമായ ആഹ്ലാദത്തിൽ മുഴുകി അക്ഷയമായ സൗഭാഗ്യം നഷ്ടപ്പെടുത്തുന്നവർ.

പുകഴ്ചയിൽ പ്രശംസിക്കുന്നവർക്ക് കഷ്ടം

ആളുകൾ നല്ല അഭിപ്രായം നിങ്ങളെക്കുറിച്ച് പറയുമ്പോൾ നിങ്ങൾക്ക് കഷ്ടം എന്നതിൽ നിന്നും 'നല്ല പേരിന്' വിലയില്ല എന്നല്ല അർത്ഥം. ആത്മാർത്ഥതയിൽ നിന്ന് ലഭിക്കുന്ന പുകഴ്ത്തലുകൾ സ്വീകാര്യമാണ്. എന്നാൽ കാപട്യം നിറഞ്ഞ കാര്യസാദ്ധ്യാർത്ഥമുള്ള പുകഴ്ത്തലുകൾ സൂക്ഷിക്കണം. മുൾമുടിയണിയിച്ച്, ചമ്മട്ടികൊണ്ടടിച്ച് ജയ ജയ രാജാവേ എന്നു പറഞ്ഞ പടയാളികളുടെ പതിപ്പുകളാണവർ.

(3) യഥാർത്ഥ ക്രൈസ്തവനുള്ള സാമൂഹ്യകടമകളുടെ വിവരണം

വി. ലൂക്കോസ് 6:27-32

'എന്നേ കേൾക്കുന്നവർക്ക്' യഥാർത്ഥ ക്രൈസ്തവനുള്ള സാമൂഹ്യ കടമകളുടെ വിവരണം ക്രിസ്തു നൽകുന്നു. മനുഷ്യൻ സമൂഹ ജീവിയാകയാൽ - പരസ്പര ബന്ധങ്ങളും ആവശ്യനിർവ്വഹണവും കൂടിയേ കഴിയൂ. വി. ലൂക്കോസ് 6:27-28 വാക്യം.

"നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നിങ്ങളെ പകെക്കുന്നവർക്കു ഗുണം ചെയ്യുവിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ, നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ."

ആദ്യവരിയിൽ 'ശത്രു' എന്ന് വിശേഷിക്കപ്പെട്ടവൻ ആരാണെന്ന് വിശദീകരിക്കുകയാണ്. ആരാണ് "ശത്രു"? "നിങ്ങളെ ദ്വേഷിക്കുന്നവർ." ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ഞാൻ ശത്രുവിനെ സ്നേഹിക്കുവാൻ മാത്രമല്ല അവനുവേണ്ടി നന്മപ്രവൃത്തി ചെയ്യാനും കടപ്പെട്ടിരിക്കുന്നു.

28-ാം വാക്യവും ഇതുതന്നെ ഓർമ്മപ്പെടുത്തുന്നു. ക്രിസ്തുശിഷ്യൻ എതിരാളിയെ അനുഗ്രഹിക്കുകയും അവനുവേണ്ടി പ്രാർത്ഥിക്കാനും ബാദ്ധ്യസ്ഥനാണെന്ന്.

"ഞാൻ ജനിച്ചിരിക്കുന്നത് വൈരത്തിൽ ഒന്നാകാനല്ല മറിച്ച് സ്നേഹത്തിൽ ഒന്നാകാനാണ്" - സോഫാർലീസ്സ്.

വി. ലൂക്കോസ് 6:29

"നിന്നെ ഒരു ചെകിടത്തു അടിക്കുന്നവന് മറ്റേതും കാണിച്ചുകൊടുക്കുക; നിന്റെ പുതപ്പ് എടുത്തു കളയുന്നവന് വസ്ത്രവും തടുക്കരുത്.

വി. ലൂക്കോസ് "ഒരു ചെകിടത്തു അടിക്കുന്നവന് മറ്റേതും കാണിച്ചുകൊടുക്കുക" എന്ന് പറയുമ്പോൾ, വി. മത്തായി5:40, "വലതു കരണത്തടിക്കുന്നവന് മറ്റേ കരണംകൂടി കാണിച്ചുകൊടുക്കുക" എന്നു പറയുന്നു. "വലത്തെ ചെകിടത്ത്" ഒരാൾക്ക് അടിക്കാൻ സാധാരണ സാദ്ധ്യമല്ല. ഒരുവന്റെ വലത്തേതിൽ അടിക്കണമെങ്കിൽ ഇടം കൈകൊണ്ടോ, പുറംകൈകൊണ്ടോ മാത്രമേ സാധ്യമാകൂ. പുറംകൈ കൊണ്ടുള്ള അടി വേദനിപ്പിക്കുക മാത്രമല്ല, കൂടുതൽ അപമാനിക്കുകയും ചെയ്യുന്നതായി യഹൂദർ കരുതിയിരുന്നു. പരിഹസിക്കപ്പെടുമ്പോഴും, തരംതാഴ്ത്തപ്പെടുമ്പോഴും ക്രൈസ്തവന്റെ പ്രതികരണം അക്രമത്തിന്റേതാകരുത് എന്ന് ക്രിസ്തുവിന്റെ പ്രബോധനം.

"നിന്റെ പുതപ്പ് എടുത്തുകളയുന്നവന് വസ്ത്രം തടുക്കരുത്."

യഹൂദർ സാധാരണ ധരിക്കുന്ന കുപ്പായമുണ്ട്. മേൽകുപ്പായവുമുണ്ട്. "കുത്തീനോ - മർത്തൂത്തേ." മേൽകുപ്പായം പകൽ കുപ്പായമായും, തണുപ്പേറും രാത്രിയിൽ പുതപ്പായും ഉപയോഗിച്ചിരുന്നു. കുപ്പായം സാധാരണക്കാരന് രണ്ടെങ്കിലുമുണ്ടെങ്കിൽ മേൽകുപ്പായം ഒന്നേ കാണൂ. അതാണ് മേൽകുപ്പായം പണയമായെടുത്താൽ സന്ധ്യയ്ക്കകം തിരികെ കൊടുക്കണമെന്ന് പറഞ്ഞിരിക്കുന്നത്. (പുറപ്പാട് 22: 26-27).

പട്ടിണി ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറുന്ന അവസരങ്ങളിൽ പാവപ്പെട്ടവർ ഒരു നേരത്തെ ഭക്ഷണത്തിനായി തന്റെ പുറംകുപ്പായം പണയം വയ്ക്കുക ഇസ്രായേലിലെ സാധാരണ സംഭവമായിരുന്നു. പണം തിരികെ കൊടുക്കാനില്ലാതെ വരുമ്പോൾ പണയവസ്തുവായ പുറം കുപ്പായം സ്വാഭാവികമായും പണം നൽകിയവന്റെ സ്വന്തമാകും. പാവപ്പെട്ടവനായ ഈ മനുഷ്യന് പിന്നീട് അവശേഷിക്കുക ഉള്ളിൽ അണിയുന്ന ഏക വസ്ത്രം മാത്രമാണ്. കൊടും ശൈത്യത്തിൽ കനംകുറഞ്ഞ ഉൾകുപ്പായം മാത്രമായോ ചിലപ്പോൾ നഗ്നനായോ പാവപ്പെട്ട മനുഷ്യൻ നടന്നു നീങ്ങുന്നത് കാണുമ്പോൾ അവന്റെ ഇല്ലായ്മയുടെ നഗ്നത പണം നൽകിയ ധനികന്റെ മനസാക്ഷിയെ മുറിപ്പെടുത്തട്ടെ എന്നാണ് പ്രബോധനം.

വി.. ലൂക്കോസ് 6:30

"നിന്നോടു ചോദിക്കുന്ന ഏവനും കൊടുക്ക; നിനക്കുള്ളതു എടുത്തു കളയുന്നവനോടു മടക്കി ചോദിക്കരുത്."

തൊഴിലില്ലായ്മയുടെയും കൊടും പട്ടിണിയുടെയും കാലത്ത് പാവപ്പെട്ടവന് പലിശയ്ക്ക് പണം കടംകൊടുത്ത് കൊള്ളലാഭമുണ്ടാക്കുന്ന പണമിടപാടുകാർക്കുള്ള താക്കീതാണ്. ധനികനോട് പണത്തിനോടുള്ള ആർത്തി മതിയാക്കി സ്നേഹത്തിന്റെയും പരിഗണനയുടെയും, കാരുണ്യത്തിന്റെയും പുതിയ ശൈലി ജീവിതത്തിൽ സ്വീകരിക്കാനുള്ള ആഹ്വാനമാണിത്. പാവപ്പെട്ടവനെ ശത്രുവായി കണക്കാക്കാതെ തന്റെ സമ്പത്തിൽ നിന്ന് അല്പമെങ്കിലും അവന് ഇല്ലായ്മയുടെ നാളിൽ പങ്കുവയ്ക്കാനാണ് കർത്താവ് ആവശ്യപ്പെടുന്നത്.

വി. ലൂക്കോസ് 6:31-32

മനുഷ്യർ നിങ്ങളോട് എങ്ങനെ ചെയ്യണമെന്നാഗ്രഹിക്കുന്നുവോ അതേപടി നിങ്ങൾ അവരോട് പ്രവർത്തിക്കുക.

1. സ്നേഹിതരോട് സ്നേഹം
2. ഗുണം ചെയ്യുന്നവനോടു നന്ദി
3. ഇങ്ങോട്ടും കൂടുതൽ കിട്ടുമെന്നു കണക്കുകൂട്ടി അങ്ങോട്ടു സഹായിക്കുക', ഇതാണ് ലോകരീതിയെങ്കിൽ; അതു മാത്രമായിരിക്കരുത് ക്രൈസ്തവന്റെ വീക്ഷണം.

പ്രത്യുത - ദുഷ്ട- ശിഷ്ട വിവേചനമില്ലാതെ മഴയും വെയിലും എല്ലാവർക്കും ഇനം തിരിയാതെ നൽകുന്ന ദൈവത്തിന്റെ മക്കളായി തീരുവാൻ മനുഷ്യസ്വഭാവത്തേക്കാളുപരി ദൈവസ്വഭാവമുള്ളവരായിതീരണം.

അഞ്ച് കാര്യങ്ങൾ ഈ ലോകത്തിൽ അനുഷ്ഠിക്കുവാൻ കഴിയുമെങ്കിൽ നാം സമ്പന്നരാണ്.

1. വിനയം - വിനയമുള്ളവൻ പരിഹസിക്കപ്പെടുന്നില്ല.
2. മഹാമനസ്കത - മഹാമനസ്കനാണെങ്കിൽ പലരെയും തന്നിലേക്ക് ആകർഷിക്കും.
3. ആത്മാർത്ഥ - ആത്മാർത്ഥതയുള്ളവനാണെങ്കിൽ ജനങ്ങൾ വിശ്വസിക്കും.
4. ഉത്സാഹം - ഉത്സാഹമുള്ളവൻ വിജയിക്കും.
5. കരുണ - കരുണയുള്ളവനാണെങ്കിൽ സഹജീവികളുമായി ഇണങ്ങികഴിയും.

"ഒരു ചിപ്പി മറ്റൊരു ചിപ്പിയോട്: "എന്റെ ഉള്ളിൽ എനിക്കു ശക്തമായ വേദന അനുഭവപ്പെടുന്നു. എന്തോ കനമുള്ള ഒരു വസ്തു എന്നെ വേദനിപ്പിച്ചുകൊണ്ടിരിക്കുന്നു. "ഞാൻ സുഖമായി പോകുന്നു, എനിക്കു വേദനകളില്ല, വേദനിക്കാൻ എന്നെ അനുവദിക്കുകയില്ല, അഹങ്കാരത്തോടെ രണ്ടാമത്തെ ചിപ്പി പറഞ്ഞു. ഇതുകേട്ട ഒരു ഞണ്ട് പറഞ്ഞു: "വേദനിക്കുന്ന ചിപ്പിക്കുള്ളിൽ പവിഴമുത്തു ജന്മമെടുക്കും അല്ലാത്തവ ചിപ്പിയായി തുടരും."

"വേദനിക്കുന്നവനിലാണ് പവിഴമുത്തുകൾ രൂപപ്പെടുന്നത്. പവിഴമാകാൻ പിടയണം ഞാനും".....

❑

Church Calendar

The Call to Follow: The Beginning of the Ministry of Christ

Dn. Aaron Joshua John



The Gospel passage from St. Mark 1:12-20 takes us to the early days of Jesus' public ministry, where we witness His triumph over temptation, the beginning of His proclamation of the Kingdom of God, and the calling of His first disciples. This passage not only marks a significant moment in Christ’s life but also offers profound lessons for our own spiritual journeys. Jesus' obedience to God's will in the face of temptation, His call to repentance, and His invitation to follow Him exemplify the essence of Christian discipleship.

1. Christ’s Triumph Over Temptation: The Power of Divine Obedience

We encounter the account of Jesus being led by the Spirit into the wilderness, where He is tempted by Satan. This moment of trial is essential to understanding Christ’s mission and His identity as the Son of God. The forty days in the wilderness symbolize the perfect obedience of Christ to the will of His Father. St. John Chrysostom reflects, “Christ, though divine, entered into the wilderness, not to be tempted but to show us how to resist temptation.” By facing temptation head-on and remaining faithful, Christ sets an example for us in our own struggles against sin. This passage reminds us that following Christ is not a path free from trials, but one where divine strength enables us to overcome every temptation.

As St. Cyril of Alexandria emphasizes, "Christ’s victory in the wilderness was not just for Himself, but for us, as He shows us how to overcome the devil’s lies." Christ’s resistance to temptation affirms His divine nature and His power over the forces of evil. For us, this teaches that in the face of temptation, we too must rely on God's strength and remain steadfast in our faith. The wilderness experience symbolizes the internal struggles and trials we all face, but in Christ, we have the model and strength to persevere.

2. The Call to Repentance and Discipleship: Following Christ in Faith

In Mark 1:14-20, the passage shifts from Jesus’ private triumph to His public ministry. After John the Baptist is imprisoned, Jesus begins His proclamation of the Gospel, saying, “The time has come... the kingdom of God is near. Repent and believe the good news!” (Mark 1:15). Here, Christ’s call to repentance is not just an individual invitation but a call to all humanity to embrace the coming of God's Kingdom. St. Augustine writes, “Repentance is not just a change of heart, but a transformation of life, a new beginning in Christ.”

Following this call, Jesus begins to call His first disciples, Simon and Andrew, James and John, saying, “Come, follow me, and I will send you out to fish for people” (Mark 1:17). Their immediate response to leave their nets and follow Jesus illustrates the essence of discipleship—radical obedience to the call of Christ. St. Gregory the Great writes, “The call to follow Christ is an invitation to leave behind the world’s distractions and to embrace the mission of the Kingdom.” These disciples leave their livelihoods to become fishers of men, demonstrating the urgency and significance of Christ's call to discipleship.

Christ’s call is not just to a select few but to all who hear His voice. As St. Ambrose notes, "The call to discipleship is an invitation not just to believe in Christ, but to take part in His mission to the world." The disciples' immediate response to Jesus' invitation underscores the power and grace inherent in His call. The Kingdom of God is not merely a future hope but a present reality that demands immediate action and commitment.

The passage serves as both an invitation and a challenge to each one of us. Jesus' triumph over temptation shows us the path of divine obedience and reliance on God in our own trials. His call to repentance and discipleship reminds us that the Kingdom of God is at hand, and we must respond with faith and action. The calling of the first disciples challenges us to examine our own response to Jesus’ invitation to follow Him. Are we willing to leave behind our old ways of life, as the disciples did, and embrace the mission of spreading the Gospel?


As St. Athanasius beautifully expresses, “The Kingdom of God is a call to renewal, a return to the life we were created for, in communion with Christ.” May we, like the disciples, follow Christ with the same urgency and commitment, leaving behind all that hinders us, and become faithful witnesses to the Kingdom of God. Let us embrace the call of Christ today, trusting that He will empower us to live out His mission in the world, just as He empowered His first disciples.



കൊടുങ്ങല്ലൂരിൽ മലങ്കര ഓർത്തഡോക്സ് സഭ പണികഴിപ്പിക്കുന്ന മാർ ത്തോമ്മൻ സ്മൃതി മന്ദിരത്തിന്റെ നിർമ്മാണ ചുമതലയുള്ള കോ-ഓർഡിനേറ്ററായി ഫാ. ബഞ്ചമിൻ ഒ.ഐ.സി.യെ പരിശുദ്ധ കാതോലിക്കാ ബാവാ നിയമിച്ചു. ബഥനി ആശ്രമാംഗമാണ് അച്ചൻ.



പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടന്ന പ്രവാസി സംഗമത്തിൽ ഓസ്ട്രേലിയൻ മന്ത്രി ജിൻസൻ ആന്റോ ചാൾസ് മുഖ്യ സന്ദേശം നൽകുന്നു. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് സമീപം.



"ക്രിസ്തുവിന്റെ ക്രൂശിതരൂപം ചേർന്ന കുരിശുകൾ പാശ്ചാത്യ പാരമ്പര്യത്തിന്റെ ഭാഗമായതിനാൽ നമുക്ക് അത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതില്ല. ചിത്രങ്ങൾ തെരഞ്ഞെടുക്കുമ്പോഴും പൗരസ്ത്യ പാരമ്പര്യത്തിൽ ഉള്ള ഐക്കണുകൾക്ക് വേണം പ്രാധാന്യം കൊടുക്കേണ്ടത്. തിരുഹൃദയം പ്രകടമാക്കുന്ന തരത്തിലുള്ള ക്രിസ്തുവിന്റെയോ കന്യകമറിയാമിന്റെയോ ചിത്രങ്ങൾ ഒഴിവാക്കുക തന്നെ വേണം, കാരണം ഇവ ഒരു പ്രത്യേക കാലഘട്ടത്തിലെ ലത്തീൻ ഭക്തിമാർഗത്തിന്റെ പ്രകാശനങ്ങളാണ്; സന്തുലന ആത്മീയതയ്ക്ക് അവ സഹായകരമല്ല."

– ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്



'മലങ്കരസഭാ ഭരണഘടനാ രൂപീകരണത്തിൽ അൽമായരുടെ പങ്ക്' എന്ന വിഷയത്തിൽ മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന സെമിനാർ ജസ്റ്റീസ് സുരേന്ദ്രമോഹൻ ഉദ്ഘാടനം ചെയ്തു. ഭരണഘടനാ രൂപീകരണ കമ്മിറ്റിയംഗങ്ങളുടെ പിൻഗാമികളെ സമ്മേളനത്തിൽ ആദരിച്ചു.



The International Syriac Theology Symposium

The International Syriac Theology Symposium hosted by St. Thomas Apostolic Seminary, Vadavathur saw esteemed participation from the Orthodox Theological Seminary, Kottayam. Fr. Dr. Baby Varghese (Former Faculty, OTS), Fr. Dr. John Thomas Karingattil (Principal, OTS), and Dn. Gregory George Ninan (BD IV, OTS) contributed to the symposium in significant roles as a resource person, moderator, and paper presenter, respectively, across various discussion platforms. Fr. Dr. Varghese P Varghese (Faculty OTS) and deacons of OTS led the Friday Evening Prayer followed by a Musical Concert in the Syriac language, adding to the spiritual and liturgical depth of the event. The symposium, featuring distinguished dignitaries and renowned scholars, is being held from January 30 to February 1, 2025.

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിൽ നിന്നും Translational Ayurveda എന്ന വിഷയത്തിൽ എം.ഫിലിൽ ഡോ. ഹണി തോമസ് ഒന്നാം റാങ്ക് കരസ്ഥമാക്കി. അങ്കമാലി ഭദ്രാസനത്തിലെ കോടനാട് മാർ മൽക്കെ ഓർത്തഡോക്സ് സുറിയാനി പള്ളി ഇടവകാംഗമാണ്.





പി.എച്ച്.ഡി കരസ്ഥമാക്കി

കോയമ്പത്തൂർ കർപ്പഗം യൂണിവേഴ്സിറ്റിയിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ ഡോ. അഖിൽ മാത്യു ഫിലിപ്പ്. പി.എച്ച്.ഡി നേടി.
പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗവും സൺഡേസ്കൂൾ അദ്ധ്യാപകനും ആണ്. ഇപ്പോൾ സെന്റ് ഗിറ്റ്സ് കോളജ് ഓഫ് എഞ്ചിനീയറിങ്ങിൽ അദ്ധ്യാപകനായി പ്രവർത്തിക്കുന്നു. മണലും ഭാഗത്ത് പരേതരായ പി.സി. ഫിലിപ്പിന്റെയും ആനി ഫിലിപ്പിന്റെയും മകനാണ്.